AKPCTA

# kerala private college teacher

ജനുവരി
1987

**കക്കാടിന് ആദരാഞ്ജലി**

"...കാലമിനിയുമുരുളും വിഷുവരും
വർഷം വരും തിരുവോണം വരും പിന്നെ
ഓരോ തളിരിനും പൂവരും കായ്‌വരും അപ്പോ-
ളാരെന്നുമെന്തെന്നുമാർക്കറിയാം? നമു-
ക്കിപ്പോഴീയാർദ്രയെ ശാന്തരായ്
സൗമ്യരായെതിരേല്ക്കാം.
.................................................................
.................................................................
.................................................................
.................................സഫലമീയാത്ര"

# പ്രൊഫ. ഭരതവർമ്മ വിരമിച്ചു

## സ്നേഹനിർഭരമായ യാത്രഅയപ്പ്



1936 നവമ്പർ 29-ന് ആലപ്പുഴ എസ്. ഡി. കോളേജിലെ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നും വിരമിച്ച പ്രൊഫ. സി. കെ. ഭരതവർമ എ കെ പി സി. ടി. എ യുടെ ആയുഷ്കാലാംഗമാണ്. 1954-ൽ എസ്. ഡി കോളേജിൽ 25 അദ്ധ്യാപകർ അംഗങ്ങളായി Travancore University College Tearchers' Association സ്ഥാപിതമായപ്പോൾ പ്രൊഫ. വർമയായിരുന്നു സെക്രട്ടറി.ധനശാസ്ത്രവകുപ്പു പ്രൊഫ. എ. വി. രാമസ്വാമി പ്രസിഡണ്ടും.

എ. കെ. പി. സി. ടി. എ. യുടെ സജീവാംഗമായ പ്രൊഫ. ഭരതവർമ കേരള സർവകലാശാലയിൽ അക്കാദമിക് കൗൺസിൽ അംഗം, സെനററംഗം, കോമേഴ്സ് ബോർഡ് ഓഫ് സ്ററഡീസ് ചെയർമാൻ (Pass & P. G.) കോമേഴ്സ് ഫാക്കൽററിഡീൻ എന്നീ പദവകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. എസ്. ഡി. കോളേജ് എകെപിസിടിഎ ബ്രാഞ്ച് കഴിഞ്ഞ ഡിസംബർ 16 ന് പ്രൊഫ. ഭരതവർമ്മയ്ക്ക് ഹൃദ്യമായ യാത്ര അയപ്പു നല്കി. യോഗത്തിൽ ബ്രാഞ്ച് പ്രസിഡണ്ട് പ്രൊഫ. എ. വി. നാരായണൻ പോററി അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ മുൻ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. ആർ. ആർ.സി. നായർ, ജില്ലാ സെക്രട്ടറി പ്രൊഫ. ബി. രാധാകൃഷ്ണൻ പ്രൊഫ. കെ. വി. കൃഷ്ണൻ കുട്ടി നായർ, പ്രിൻസിപ്പൽ ഡോ. ആർ. രാമചന്ദ്രൻനായർ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. സംഘടനാപ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ പ്രൊഫ. ഭരത വർമ്മയുടെ സേവനങ്ങൾ അനുസ്മരിക്കപ്പെട്ടു. മറുപടി പ്രസംഗത്തിൽ പ്രൊഫ. ഭരതവർമയും സംഘടനാ പ്രവർത്തനങ്ങളുടെ പ്രാധാന്യം എടുത്തുകാട്ടി. ബ്രാഞ്ച് സെക്രട്ടറി പ്രൊഫ.ഡി.നാരായണൻകുട്ടി സ്വാഗതവും, സംസ്ഥാന നിർവാഹക സമിതിയംഗം പ്രൊഫ. കെ. ഗോപലകൃഷ്ണപിള്ള കൃതജ്ഞതയും പറഞ്ഞു.

# മന്ത്രി ജേക്കബിന്റെ ക്രൂരകൃത്യങ്ങൾ

ഗാന്ധിജി സർവ്വകലാശാലയുടെ കാര്യത്തി
ലും പ്രീഡിഗ്രി ബോർഡിന്റെ പ്രശ്നത്തിലും
വിദ്യാഭ്യാസമന്ത്രി ശ്രീ. ടി. എം. ജേക്കബ് പറ
ഞ്ഞ കാര്യങ്ങൾ വസ്തുതകളുമായി ബന്ധമുള്ള
തല്ലെന്ന് തെളിവുകൾ സഹിതം എ കെ.പിസി.
ടി.എ ഭാരവാഹികൾ തിരുവനന്തപുരത്ത് പത്ര
സമ്മേളനത്തിൽ പറഞ്ഞു. അന്നുതന്നെ മന്ത്രിയെ
കണ്ട പത്രപ്രതിനിധികൾ ഇക്കാര്യം ശ്രദ്ധയിൽപ്പെ
ടുത്തി. അതിനദ്ദേഹത്തിന്റെ മറുപടി "ഇക്കാര്യ
ത്തിലൊക്കെ സംഘടനാനേതാക്കളെക്കാൾ അറിവ്
എനിക്കല്ലേ ഉള്ളത്" (മലയാള മനോരമ) എന്നാ
ണ്. ഇതാണ് നമ്മുടെ വിദ്യാഭ്യാസ മന്ത്രി!

ഇന്ത്യയിലെ 92 സർവകലാശാലകളിൽ 42
എണ്ണത്തിൽ മാത്രമേ 10 + 2 + 3 സമ്പ്രദായം
നടപ്പിലാക്കിയിട്ടുള്ളൂ എന്ന് യു. ജി.സി.യുടെ
രേഖ ഉദ്ധരിച്ച് സംഘടനാനേതാക്കൾ പറഞ്ഞു.
പക്ഷേ മന്ത്രി നാളിതുവരെ പറഞ്ഞുകൊണ്ടിരു
ന്നത് കേരളത്തിൽ മാത്രമേ 10 + 2 + 3 നടപ്പി
ലാക്കാനുള്ളു എന്നാണ്. അതുപോലെ ഗാന്ധി
ജിസർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ 'അം
ഗീകാരം' എന്നൊരു പ്രശ്നമില്ലെന്നും സംഘട
നപറഞ്ഞു. യു ജി.സി. ഓഫീസുമായി ബന്ധ
പ്പെട്ടു വിവരങ്ങൾ ശേഖരിച്ചുകൊണ്ടാണ് എകെപി
സി ടി എ കാര്യങ്ങൾ വിശദീകരിച്ചത്. മന്ത്രി
ഇതുവരെ പറഞ്ഞുകൊണ്ടിരുന്നത് തെരഞ്ഞെടു
ക്കപ്പെടുന്ന സെനറ്റും സിൻഡിക്കേറ്റും ഉണ്ടാ
കുന്നതിനെ യു. ജി. സി. എതിർക്കുന്നു എന്നാ
ണ്. ഇക്കാര്യം യു. ജി. സി. യെ സംബന്ധി
ച്ചിടത്തോളം 'നെഗോഷ്യബിൾ' ആണ്. എന്നാൽ

പത്രാധിപ സമിതി

ചെയർമാൻ : ടി. ഗോപാലകൃഷ്ണൻ
പത്രാധിപർ : വി. എൻ. മുരളി

അംഗങ്ങൾ

വി. നാരായണൻകുട്ടി
ടി. കെ. ജി. നായർ,
ആർ. രവീന്ദ്രൻനായർ,
എൻ. എൻ. ആനന്ദൻ
കെ. എൻ. ഗണേഷ്,
കെ. സുകുമാരൻ നായർ,
എൻ. പി. ഹാഫീസ് മുഹമ്മദ്
ടി. കെ. ലവൻ

Office:
VASANTHAM
Chempakaserry Nagar
Kesavadasapuram
Trivandrum-4

ഒരു സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കേണ്ടമിനിമം സൗകര്യങ്ങളും വേണ്ടത്ര പഠനവകുപ്പും അധ്യാപകരും ഗാന്ധിജി സർവകലാശാലയ്ക്ക് നാളിതുവരെ ഉണ്ടായിട്ടില്ല. ഇതാണ് പ്രധാന കാര്യം. ഇതു കൊണ്ടാണ് യു. ജി. സി. ധനസഹായം ലഭിക്കാത്തത്. ഈ മിനിമം സൗകര്യങ്ങൾ 'നെഗോഷ്യബിൾ' അല്ലതാനും. ഈ സത്യം മന്ത്രി എന്തുകൊണ്ടു മറച്ചുവച്ചുവെന്നാണ് നമുക്കു ചോദിക്കാനുള്ളത്. സത്യം മറച്ചുവയ്ക്കുക മാത്രമല്ലതെററായ കാര്യങ്ങൾ ആവർത്തിച്ചു പ്രചരിപ്പിക്കുകയും ചെയ്തു.

ഇതു മാത്രമല്ല, എത്രയോ പ്രശ്നങ്ങളിൽ ഈ മന്ത്രിയുടെ പക്വതയില്ലായ്മയും താൻ പ്രമാണിത്തവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ പാരമ്പര്യത്തിന് വലിയൊരപമാനമായി മാറിയിരിക്കുകയാണ് ഈ വിദ്യാഭ്യാസമന്ത്രി.

○

# 'ഇൻറഗ്രേററഡ് പി ജി' ശ്രമം പൊളിഞ്ഞു

കാലിക്കട്ട് യൂണിവേഴ്സിററിയിലെ ചില നിക്ഷിപ്ത താല്പര്യക്കാർ പുറം വാതിലിലൂടെ കൊണ്ടുവരാൻ ശ്രമിച്ച ത്രിവത്സര ഇൻറഗ്രേററഡ് പി. ജി. കോഴ്സ് അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെ സംഘടിത ശ്രമം കൊണ്ട് തടയാൻ കഴിഞ്ഞു. സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് മൂന്നവർഷം നീണ്ടുനില്ക്കുന്ന ഇൻറഗ്രേററഡ് പി. ജി. കോഴ്സും അഫിലിയേററഡ് കോളേജുകളിൽ സാദാ എം. എ/ എം. എസ്സി കോഴ്സും നടത്താനായിരുന്നു പരിപാടി. അതിന് ഒരുപാടുന്യായങ്ങളൊക്കെ തട്ടിവിട്ടിരുന്നു! എന്നാൽ പഴയ സെമസ്ററർ സിസ്ററം പോലെ, വിദ്യാർത്ഥികളുടെ അക്കാദമിക് സ്വാതന്ത്ര്യം കവർന്നെടുക്കാനും പരീക്ഷയിലൂടെ ശിക്ഷിക്കുമെന്നു ഭയപ്പെടുത്തി ഒതുക്കാനുമായിരുന്നു ഈ പുതിയ നീക്കം. സർവ്വകലാശാലയിലും അഫിലിയേററഡ് കോളേജുകളിലും ഒരേപോലെ നിലനിന്നുവന്ന കോഴ്സിൽ അഫിലിയേററഡ് കോളേജ് വിദ്യാർത്ഥികൾ മുന്നിട്ടുനിന്നിരുന്നതും റാങ്കും മെറിററും നേടിയിരുന്നതും ചിലർക്ക് സഹിച്ചിരുന്നുമില്ല. അപ്പോൾപിന്നെ ഈ വിദ്യാർത്ഥികളെ തന്നെ രണ്ടുതട്ടിലാക്കാനൊരു കുറുക്കുവഴി തേടിയതാണിത്. സ്പെഷ്യലൈസ്ഡ് എം. എ / എം. എസ്സി വേണമെന്ന് ആദിശേഷയ്യ കമ്മീഷൻ പറഞ്ഞിട്ടുണ്ടെന്നായിരുന്നു ഇതിനായി പറഞ്ഞൊരുവാദം. പക്ഷേ ഈ നിർദ്ദേശം കാലിക്കട്ട് സെനററ് തള്ളിക്കളഞ്ഞതാണ്. ഇൻറഗ്രേററഡ് പി. ജി. യെ ക്കുറിച്ച് സെനററ് ആലോചിക്കുക പോലുമുണ്ടായില്ല. എന്നിട്ടും ധൃതിപിടിച്ച് ഇതു നടപ്പിലാക്കാൻ ശ്രമിച്ചത് നിഷിപ്തതാല്പര്യംകൊണ്ടു മാത്രമാണ്. ബിരുദാനന്തര വിദ്യാഭ്യാസത്തിൽപോലും തരംതിരുവുണ്ടാക്കി ഭാഗ്യവാൻമാരേയും നിർഭാഗ്യവാൻമാരേയും സൃഷ്ടിക്കാനുള്ള നീക്കമായിരുന്നു ഇത്.

എ. കെ. പി. സി ടി എ. ആദ്യം മുതലേ ഈ നീക്കത്തെ ശക്തമായി എതിർത്തു. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അപകടം ചെയ്യുന്ന ഈ പരിഷ്കാരം അനുവദിക്കാവുന്നതല്ലെന്ന് സിൻഡിക്കേററിനകത്തും പുറത്തും സംഘടന ശക്തമായിവാദിച്ചു. സമരം നടത്തിയ വിദ്യാർത്ഥികൾക്ക് സർവ്വവിധ പിൻതുണയും സംഘടന നല്കി. സമരം വിജയത്തിലെത്തിക്കാനും കഴിഞ്ഞു. അദ്ധ്യാപകസംഘടനയുടെ ലേബലുമായി നടക്കുന്ന പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ-ഇൻറഗ്രേററഡ് പി. ജി. കോഴ്സിനെ അനുകൂലിക്കുകയായിരുന്നു ഇക്കാര്യത്തിലെന്നല്ല, മററുപ്രധാനപ്പെട്ട പല പ്രശ്നങ്ങളിലും അദ്ദേഹം അധ്യാപക-വിദ്യാർത്ഥിതാല്പര്യങ്ങൾക്ക് വിരുദ്ധമായ നിലപാടാണെടുക്കുന്നതെന്ന് ഇപ്പോൾ പരസ്യമായിട്ടുണ്ടല്ലോ.

○

# College and University Teachers Courted arrest in Delhi on December 4th

Responding to the call given by the A/IFUCTO hundreds of College and University teachers from all over the country gathered at the Jantar Mantar Park, in the heart of the connaught place area and Courted arrest as part of the campaign by the AIFUCTO to get the "Meh otra Committee' report on teachers' revised pay Scales and conditions of Service published.



ഡൽഹിപ്രകടനത്തിൽ പങ്കെടുത്ത് അറസ്റ്റുവരിച്ച
എ കെ പി സി ടി എ പ്രതിനിധികൾ
പ്രൊഫ. എസ്. വിശ്വനാഥൻ, പ്രൊഫ കെ. പി. ദിവാകരൻനായർ
പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. ടി. ഗോപാകൃഷ്ണൻ

Carrying the banners of the respective Associations/Organisations, the teachers including a large number of woman teachers, poured into the Park since early morning and by 11 a.m. the gathering swelled to more than 3000 The contingent from Kerala Consisted of Porf. T. Gopala krishnan, Prof. S. Viswanathan, Prof. K. P. Divakaran Nair and Prof. P. Narendran representing the AKPCTA. It was clear, never before had so many teachers from all over the country collected in Delhi or anywhere, in response to the call of the AIFUCTO. The teachers carried placards saying "Release the Mehrotra Commitrees report", "Scrap the efficiency bar', "Professors Grade is College teachers Right", 'We can't be hood winked by false promises", etc.

Addressing the gathering the office bearers of the Federation criticised the action of the Government in delaying the publication of the Committee Report and in making public the Government's decision thereon. The Union. Minister for human Resources Development, Mr. Narasimha Rao, had assured a delegation of the AIFUCTO a few weeks back that the Committee Report and the Government's decision on the report

(Contd Page 25)

# മന്ത്രി ജേക്കബിന്റെ കള്ളി വെളിച്ചത്താകുന്നു.

(ഗാന്ധിജി യൂണിവേർസിറ്റിയ്ക്ക് യു.ജി.സി. ധനസഹായം നാളിതുവരെ കിട്ടാത്തതിന്റെ കാരണം ഈ നോട്ടിഫിക്കേഷൻ വ്യക്തമാക്കുന്നുണ്ട്.
-പത്രാധിപർ)

No. F 9-2/74-U. 2

GOVERNMENT OF INDIA

Ministry of Education & Social Welfare
(Department of Education)

New Delhi, the 9th Sep , 1975.

NOTIFICATION

In exercise of the powers conferred by Section 25 of the University Grants commission Act, 1956 (3 of 1956) read with Section 12A of that Act, the Central Government hereby makes the following rules, namely :-

1. Short title, application and commencement

(1) These rules may be called the University Grants Commision (Eitness of Certain Universities for Grant) Rules, 1974.

(2) They shall apply to every universitiy established after the commencement of the University Grants Commission (Amendment) Ac,t 1972 (33 of 1972) other than ;

(i) an agricultural university ;

(ii) a university established against the advice of the Commission for imparting, exclusively, technological or medical education ; and

(iii) an institution recognised by the Commission, under clause (f) of Section 2 of the University Grants Commission Act 1956 (3 of1956) on or after the 17th day of June 1972, the date on which the University Grants Commision (Amendment) Act. 1972 (33 of 1972) came into force".

(3) They shall come into force on the date of their publication in the Official Gazette.

2. Fitness for Grant :

"No University to which these rules apply shall be declared to be fit to receive grants from the Central Government, the University Grants Commission or any other organisation receiving any funds from the Central Government, unless the Commission is satisfied that

(i) the university is a University established or incorporated by or under a Central Act or

(ii) in the case of any other University, the establishment of the University justified on one or more of the followin grounds namely :-

(Contd Page 24)

# RESOURCES FOR EDUCATION

**Srinivasa Narayanaswamy**
Rajah Serfoji Govt College, Thanjavur 613005

Ever since (1985) the debate on NEP began the financial dimension of the challenge of education has been treated to imponderable. Neither the initial document on the challenge of education nor the National Policy on Education 1986 really dealt with this issue in quantitative terms. While the former attributed the failure ot give a concrete expression to the National Education Policy of 1968 (based on Kothari Commission) to niggardly budgetary allocations for education, the latter identifies the amorphous beneficiary communities as the major sources of funds for the NEP.

A formidable resource gap of Rs. 15,000 crores is looming large on the educational horizon as per Government expectations. While "Operation Blackboard" was estimated to cost over Rs 3,000 crores, the additional enrolment of 25 million children in the stage of elementary education would itself call for Rs 9,964 crores during the VII Plan period. Vocationalisation of higher secondary education, based on the assumption of a 10% diversion of the enrolment at the +2 stage would involve another Rs 2207 crores according to the working group headed by Dr V C Kulandaisamy. In spite of the announcement of the PM in June '86, that rural development programmes such as NREP, IRDP and ICDS would be integrally linked with the implementation of NEP and that the budgets of these programmes would suppliment educational expenditure at the State level, much leeway will have to be made up if the crucial inputs of NEP are to materialise. The conurdrums in financing NEP—which is by no means an ambitious luxury for a country which is committed to technological modernisation and mitigation of widespread poverty—cannot be resolved unless the Centre and the States together are able to organise educational strategies which would involve the participation of the community in a much more substantial form than at present, there is a real danger of the NEP remaining "a package of wishful thinking".

## A study in retrospect:

There has been a steady decline in the plan outlays for education at almost all levels since independence. The document "Challenge of Education" states that "education is no more than a sub-system of the total sociatal system". As the present social system is unplanned rooted in privatisation of everything including education, the document could not specify the magnitude of the resources required for the period to come. But the confession is there - thereis "a progressing decline in the allocation of resources" to education.

The share of Central and State Plan out lays allocated to education has declined from 7.22% in the I Plan to 2.2% in the VI Plan. The outlay in 1985-86 Budget for education is only 1.002%.

## PUBLIC EXPENDITURE PER PUPIL IN INDIA AT 1970-71 Prices per annum

| Year | Primary | Middle | Secondary | Higher Education University | College | Professional College |
|---|---|---|---|---|---|---|
| 1950-51 | 41.9 | 73.1 | 153.5 | 4011.7 | 486.7 | 1640.4 |
| 1960-61 | 50.1 | 72.5 | 166.4 | 4581.1 | 548.8 | 1476.2 |
| 1970-71 | 57.0 | 84.9 | 168.4 | 4141.2 | 421.6 | 1179.0 |
| 1975-76 | 55.2 | 83.3 | 148.9 | 3664.5 | 330.9 | 890.1 |

Source: Challenge of Education

We could find from the above that there has been a decline (except marginal increase at the Primary and Middle) at almost all levels. Even on Primary Education with the constitutional obligation to provide free and compulsory education for all children till they complete the age of 14 years, having become a forgotten concept, the share of it has declined from 56% in the total outlay of the I Plan to 36% in the VI Plan. To put it in money value, out of a total outlay of Rs 170 crores in the I Plan, Rs 93 crores was the share of Elementary Education, out of Rs 2524 crores the share was Rs 905 crores in the VI Plan.

Assuming 1.5% rate of Population growth (the actual rate is close to 2.5%) the allocation for elementary education would have to be four times of 1980-81 allocation. For this our country will require, as per document, 22 lakhs additional teachers by 1990 over the 1981 figure (2).7 lakhs) one will normally expect that the concern for education so eloquently displayed by the Prime Minister down to everybody will be reflected while finalising the resource allocation in the Plan proposals. In the VII Plan out of the total aggregate outlay of Rs 3,48,748 Cr the allocation for general education was a mere Rs 4775 3 Cr (which is hardly 2% of the outlay); the elementary education received only Rs 1830.45 Cr for the five years ending 1990-91.

The document states that 4/5th of the total expenditure is on teachers' salaries. Commenting on this THE HINDU (dated 6-9-85) wrote "And the proper interpretation to put on the phenomenon that 90% of the budgetary allocation for education goes towards the salary bill is that the kitty itself is too small and needs to be enlarged if more funds are to be found for buildings equipments and teaching aids". So the "Kitty" should be large, as the document notes that 40% of the schools have no pucca buildings, 39.72% have no black boards, 59.5% have no drinking water and 35% of schools have single teacher to teach 3 or 4 different classes. For adult education an allocation of Rs 360 Cr has been made for the entire VII Plan period— this constitutes a reduction of 3.2% (ie) from 3.5% of the total outlay, in the I Plan to 0.3% in the VII Plan.

It is true that the States have borne the brunt of the expendituture on education and varied from State to State. It is feared that the amendment to the Constitution to bring the subject Education under Concurrent list, was meant only to exercise an overall control from the Centre on all State without bearing any financial responsibility. The contribution through private donations and endowments which accounted for nearly 25% at the beginning of the Century gradually declined to 11.6% in 1950-51 and to barely 3% in 1981. It is a paradox that the private control over educational institutions has grown stronger and the public excheqer provides a very good infrastructure for such a growth. This trend which is evident in all spheres of economy, is evident in the field of education also.

## Finding Resources:

Where are the resources to be found? The documents suggest that encouragineg private entrepreneurs with suitable tax rebates and 'rationalising the free structure' can be the avenues for mobilising resources. The list includes tax on employers in the private and public sectors (user agencies) related to their use of professional manpower, including manpower development as an item in the cost-structure of public sector projects, a surcharge on land revenue and similar suggestions.

Encouraging private entrepreneures have resulted in the growth of "self-financing institutions". Rise in the fees to augument internal resources and 'to change the perception about the value of education will naturally push a significant of those who aspire higher to professional education out of race. In this way things cannot be achieved smoothly.

The Government should have a different approach to resource mobilisation, and not to speak of controlling the wastage in curriculam development (It is reported that an official Education Finance Commission in Tamilnadu, while examining the finances of the school system had identified with specific details, how 25% of the annual education budget has been wasted). The crisis in educational financing should be traced to crisis in our country's economy.

Since independence, there is a tendency to go in for large scale investments in economic infrastructure by the Public Sector with full reliance on domestic and foreign private capital and on landlords and rich peasants in agriculture. This has resulted in keeping intact the land monopoly and impoverisation of the rural masses with no sufficient purchase power with them; further the reluctancee shown by the government to tax the major beneficiaries of the development — private capital and landed property — has resulted in resorting to increasing indirect taxation which not only restricts the purchasing power of the common man, but creates a severe crisis of resource finding. The liberalisation of foreign trade and investment policy has led to increasing penetration of Indian economy by the foreign capital and dependence on commercial borrowings from abroad. The increasing rate of imports and sluggish growth of exports has intensified the crisis. This situation leads to cut backs in all social security measures including education and the growth of non-developmental expenditures especially Defence and Debt service obligations. If we are to find resources, this type of economic process should be resversed.

The recent Lok Sabha debate on the Action Programme for putting through the

# എസ്. എൻ. കോളേജ് കൗൺസിലർമാരുടെ യോഗ തീരുമാനങ്ങൾ

യോഗത്തിൽ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു.

1) നങ്ങ്യാർകുളങ്ങര ററി. കെ. എം. എം. കോളേജിലെ അദ്ധ്യാപകനും എ. കെ. പി. സി. ടി. എ കൗൺസിലറും ആയ ശ്രീ. ജി. ഗീതാകൃഷ്ണൻെറ അകാല നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തുകയും സന്തപ്ത കുടുംബാംഗങ്ങളുടെ അഗാധ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തു.

ശ്രീ. ഗീതാകൃഷ്ണൻെറ കുടുംബത്തിന് വേണ്ടി സഹായ നിധി രൂപീകരിക്കുന്ന ടി. കെ എം. എം. കോളേജ് സ്ററാഫ് അസ്സോസിയേഷൻെറ ശ്രമങ്ങളുമായി ആത്മാർത്ഥമായി സഹകരിച്ച് പ്രസ്തുത നിധി വിജയിപ്പിക്കണമെന്ന് എസ്. എൻ കോളേജുകളിലെ എ. കെ. പി. സി. ററി. എ. ബ്രാഞ്ചുകളോട് യോഗം ആവശ്യപ്പെട്ടു.

2) അദ്ധ്യാപകർക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാതിരിക്കുക, ഒഴിവാക്കാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുക എന്നിങ്ങനെയുള്ള അദ്ധ്യാപക ദ്രോഹ നടപടികൾ അവസാനിപ്പിക്കണമെന്ന് യോഗം എസ് എൻ മാനേജ്മെൻറിനോടാവശ്യപ്പെട്ടു.

3) സംസ്ഥാന പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണനെതിരെ ചേർത്തല എസ് എൻ കോളേജിലെ പ്രിൻസിപ്പലായിരുന്ന ഡോക്ടർ എസ് ബലരാമൻ സ്വന്തം സങ്കുചിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയും പ്രൊഫ. ഗോപാലകൃഷ്ണനെ അപകടപ്പെടുത്തുക എന്ന വ്യക്തമായ ദുരുദ്ദേശത്തോടുകൂടിയും തികച്ചും അടിസ്ഥാനരഹിതമായ ചാർജ്ജുകൾ കെട്ടിചമച്ചതിലും വസ്തുതാപരമല്ലാത്ത റിപ്പോർട്ടുകൾ, എസ് എൻ മാനേജ്മെൻറിൻെറ ഇംഗിതപ്രകാരം അയച്ചതിലും അർഹമായ ലീവിനുള്ള അദ്ദേഹത്തിൻെറ അപേക്ഷകൾ, ഒരംഗീകൃത സംഘടനയുടെ സംസ്ഥാന ഭാരവാഹിയെന്ന നിലയിൽ സംഘടനാപ്രവർത്തനത്തിനുവേണ്ടി അദ്ദേഹത്തിന് ആവശ്യമായ ലീവെടുക്കാമെന്ന വസ്തുത പാടെ വിഗണിച്ച്, റക്കമെൻറ് ചെയ്യാതെ മാനേജ്മെൻറിനയച്ച് അദ്ദേഹത്തിന് യഥാസമയം ശമ്പളം കിട്ടുന്നതിൽ തടസ്സം സൃഷ്ടിച്ചതിലും, പകപോക്കുന്നതിനുവേണ്ടിക്കൂടി ഡോ. ബലരാമൻ അയച്ച റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ, കോടതിയുത്തരവുകൾ പോലും വിഗണിച്ച് പ്രൊഫ. ഗോപാലകൃഷ്ണനെതിരെ മാനേജ്മെൻറ് ''അച്ചടക്ക നടപടികൾ'' ആരംഭിച്ചതിലും യോഗം ശക്തിയായി പ്രതിഷേധിച്ചു.

കോടതിയുടെ ഉത്തരവുകൾക്ക് വിരുദ്ധമായതും യാതൊരു നിയമസാധുതയുമില്ലാത്തതുമായ നടപടികളുമായി മുന്നോട്ടുപോകാതെ

---

NEP has served to focus attention on the inadequacy of fiscal resources in the context of the undisputed enormity of requirements. The question of finding the where withal for implementing far reaching programme of educational reconstruction problematical.

The statement of Prof M G K Menon, Member of the Planning Commission at the meeting of the CABE held in early July this year that there would be no appriciable increase in the outlay on education during the VII Plan period reflects the dilemma of the policymakers. The magnitude of additional budgetory resources which will have to be directed towards educational transformation would appear to be such as to call for a fisca revolution.

(University Today)

നടപടികൾ എല്ലാം തന്നെ ഉടനടി നിർത്തിവെയ്ക്കാൻ യോഗം എസ് എൻ മാനേജ്മെൻറിനോടാവശ്യപ്പെട്ടു. യോഗം അംഗീകരിച്ച പ്രമേയം ഇങ്ങിനെ അവസാനിക്കുന്നു.

"This meeting .............. urges the Management to immediately drop the "proceedings" in view of the following :-

1) The then principal, S.N. Cellege, shertallai; fabricated charges with malafide intentions-to wreak his personal vengence upon Prof. Gopalakrishnan and with a view to attaining his petty personal ends.

2) The Management took steps for "disciplinary action" in May 1986 without the "specific prior approval of the High Court and hence the action of the Management has violative of the Court order dt. 20-2-1986 and 21-3-1986.

3) The "proceedings" initiated in violation of the Court orders Ceased to be valid by 19-8-'86 as per section (4) of section 60-Chapter VIII of the Kerala University Act, 1974.

This meeting further requests the Management to enquire into the various misdeeds of Dr. Balaraman during the period he was the principal of S. N. College, Shertallai".

പ്രൊഫ. ഗോപാലകൃഷ്ണനെതിരെ മാനേജ്മെൻറ് അനാവശ്യ നടപടികൾ സ്വീകരിച്ചതിൽ എസ് എൻ കോളേജിലെ എ കെ പി സി ടി എ ബ്രാഞ്ചുകൾ പ്രതിഷേധിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

4) എസ്. എൻ. ട്രസ്ററസ് എക്സിക്യൂട്ടീവിൽ ഇന്നുനിലനിൽക്കുന്ന അധികാരത്തെച്ചൊല്ലിയുള്ള തർക്കത്തിൻെറ പേരിൽ സൗകര്യപ്രദമായ സ്ഥലംമാററത്തിന് അർഹരായവർക്കതു നൽകാത്ത മാനേജുമെൻറിൻെറ നടപടിയിൽ യോഗം പ്രതിഷേധിച്ചു. ട്രസ്ററസ് എക്സിക്യൂട്ടീവ് അംഗീകരിച്ച സ്ഥലം മാററങ്ങൾ സംബന്ധിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്ഥലംമാററങ്ങളെങ്കിലും ഉടനടി നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു നിവേദനം എല്ലാ എക്സിക്കുട്ടീവ് അംഗങ്ങൾക്കും നൽകണമെന്ന് യോഗം തീരുമാനിച്ചു.

---

# പ്രവീണയ്ക്ക് യാത്രയയപ്പ്

സർക്കാർ സർവ്വീസിൽ ഉദ്യോഗം ലഭിച്ച് പോകുന്ന ശ്രീമതി ടി. കെ പ്രവീണയ്ക്ക് കണ്ണൂർ ശ്രീനാരായണ കോളേജ് എ.കെ.പി. സി. ടി. എ. ബ്രാഞ്ച് 5-11-86 ന് ഹൃദ്യമായ യാത്രയയപ്പ് നൽകി. പ്രൊഫ.വി.പി. ഭാരതിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മംഗളങ്ങൾ നേർന്നുകൊണ്ട് പ്രൊഫ. കെ. വി. ലളിത, പ്രൊഫ കെ. പി ചാക്കുണ്ണി, പ്രൊഫ.കെ. ഹരീന്ദ്രൻ, സെനററംഗമായ പ്രൊഫ. പി. പി. ശ്രീധരൻ എന്നിവർ സംസാരിച്ചു. ശ്രീമതി പ്രവീണ, മേലിലും പുരോഗമന പ്രസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് തൻെറ മറുപടി പ്രസംഗത്തിൽ പ്രസ്താവിച്ചു.

---

## ജേർണൽ വരിക്കാർ ശ്രദ്ധിക്കുക

വാർഷിക വരിസംഖ്യയായ പത്തുരൂപ ഉടനെ അയച്ചുതരിക. കുടിശ്ശിക വരുത്തുന്നവർക്ക് ജേർണൽ അയയ്ക്കുന്നതല്ല.

വിലാസം
വസന്തം
ചെമ്പകശ്ശേരിനഗർ
കേശവദാസപുരം
തിരുവനന്തപുരം-4

# പ്രീഡിഗ്രിബോർഡ് വിരുദ്ധസമരം

പ്രൊഫ. വി. നാരായണൻകുട്ടി.
ജനറൽ സെക്രട്ടറി. എ. കെ. പി. സി. ടി. എ.

15-5-86ന് ചേർന്ന കേരള മന്ത്രിസഭായോഗം പ്രീഡിഗ്രിവിദ്യാഭ്യാസഘട്ടത്തെ സർവ്വകലാശാലകളിൽ നിന്ന് വേർതിരിച്ച് തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവരാൻ തീരുമാനിയ്ക്കുകയും അനന്തരനടപടികളെടുക്കുവാൻ ഉന്നത വിദ്യാഭ്യാസവകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിലാണ് പ്രീഡിഗ്രിബോർഡ് വിരുദ്ധസമരമാരംഭിച്ചത്. 21-5.86ന്നു യൂനിവേഴ്സിററി ജീവനക്കാരുമായി ചർച്ചനടത്തിയതിനുശേഷമേ ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കൂ എന്ന് വാക്കുകൊടുത്ത സർക്കാരാണ് ധൃതിപിടിച്ച് കോളേജുകൾ തുറക്കുന്നതിന്നുമുമ്പ് തന്നെ ബേർഡ് രൂപികരിയ്ക്കണമെന്ന ലാക്കോടെ ഈ തിരുമാനമെടുത്തത്. 15-5-86ന്ന് സർക്കാരെടുത്ത തീരുമാനം പരമരഹസ്യമാക്കിവെയ്ക്കാൻ ശ്രമം നടന്നുവെങ്കിലും ഇതു മണത്തറിഞ്ഞ സർവ്വകലാശാലാ ജീവനക്കാർ 16-5-86മുതൽ സ്ററേ ഇൻ സൈസ്ററക്ക് ആരംഭിച്ചു. 21- 5-86ന് നമ്മുടെയും എ. കെ. ജി. സി ടി.യുടെയും പ്രവർത്തകന്മാർ സർക്കാർ തീരുമാനത്തിൽ പ്രതിഷേധിച്ച് സെക്രട്ടറിയേററ് പടിയ്ക്കൽ ധർണ നടത്തി. ഇതിനോടനുബന്ധിച്ച് നടത്തിയ പത്രസമ്മേളനത്തിൽ പരീക്ഷാകേന്ദ്രങ്ങളിലെയും വാലുവേഷൻ കേന്ദ്രങ്ങളിലേയും പരീക്ഷാജോലികൾ ബഹിഷ്കരിയ്ക്കുവാൻ ഇരുസംഘടനകളും കോളേജ് അദ്ധ്യാപകരെ ആഹ്വാനം ചെയ്തു.

22.5-86ന് സർക്കാർ പ്രീഡിഗ്രിബോർഡ് രൂപീകരണപ്രശ്നം ചർച്ചചെയ്യുവാൻ അദ്ധ്യാപക സംഘടനാ പ്രതിനിധികളെ വിളിച്ചു. ചർച്ചയിൽ വിവധ സംഘടനകളുടെ സമീപനങ്ങൾ ഇങ്ങനെ സംഗ്രഹിയ്ക്കാം.

1. പി. സി. ടി. എ- ഡി. സി. എസ്സ്. എ. തുടങ്ങിയ സംഘടനകൾ പ്രീഡിഗ്രി വിഭജനം അംഗീകരിച്ചുകൊണ്ട് അദ്ധ്യാപകരുടെ സേവന ഭദ്രതയെക്കുറിച്ചു മാത്രം സംസാരിച്ചു.

2. ശ്രീ. എം. ആർ. ചന്ദ്രശേഖരൻ പ്രീഡിഗ്രി വിഭജനമംഗീകരിച്ചുകൊണ്ടുതന്നെ വിഭജനത്തെക്കുറിച്ച് ചർച്ചചെയ്യുവാൻ ഒരു Blue Print വെയ്ക്കണമെന്ന് സർക്കാരിനോടാവശ്യപ്പെട്ടു.

3. നമ്മുടെ സംഘടനയുടെയും എ. കെ. ജി. സി. ടി. യുടെയും പ്രതിനിധികൾ പ്രീഡിഗ്രി വിഭജനത്തെ ശക്തിയായി എതിർക്കുകയും ഈ ചർച്ച സർക്കാർ ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് വേണ്ടതായിരുന്നു വെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ചർച്ചയ്ക്ക്ശേഷം ഉടൻതന്നെ ഈ ചർച്ചാപ്രഹസനത്തിൽ പ്രതിഷേധിച്ചുകൊണ്ട് നമ്മുടെ പ്രവർത്തകർ തിരുവനന്തപുരത്ത് പ്രകടനം നടത്തി.

25-5-86ന് ചേർന്ന സംസ്ഥാന കമ്മററിയോഗം സെക്രട്ടറിയററ് കവാടത്തിൽ അനിശ്ചിതകാല നിരാഹാരം, പണിമുടക്ക് എന്നീ സമരമാർഗ്ഗങ്ങളവലംബിച്ച് സർക്കാറിന്റെ ഈ ദുരുപദിഷ്ട നീക്കത്തെ നേരിടുവാൻ തീരുമാനിച്ചു. 30-5-86ന് സർക്കാർ-സ്വകാര്യമേഖലകളിലെ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടേയും സംഘടനകൾചേർന്ന് പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരസമിതി രൂപീകരിച്ചു. എ. കെ. ജി. സി. ടി. ജനറൽ സെക്രട്ടറി പ്രൊഫ. കെ. വി. ജോർജ്ജിനെ സമരസമിതി കൺവീനറായി തിരഞ്ഞെടുത്തു. സർക്കാർ മേഖലയിൽ നിന്ന് G. C. T. O. ഒഴികെയുള്ള സംഘടനകളെല്ലാം സമരസമിതിയിൽ

ചേർന്നുവെങ്കിലും സ്വകാര്യമേഖലയിൽനിന്ന് സമരസമിതിയിൽ ചേർന്ന ഏക അദ്ധ്യാപക സംഘടന നമ്മുടേതായിരുന്നു. ഇതിനെത്തുടർന്ന് 31-5-86ന് നമ്മുടെ പ്രസിഡണ്ട് പ്രൊഫ. ഗോപാലകൃഷ്ണനും എ. കെ. ജി. സി. ടി. ജനറൽ സെക്രട്ടറി പ്രൊഫ.കെ.വി.ജോർജ്ജും സെക്രട്ടറിയേററ് നടയിൽ അനിശ്ചിതകാല നിരാഹാരമാരംഭിച്ചു. സമരം ഇതോടെ ഒരു വമ്പിച്ച ബഹുജനസമരമായി തീരാൻ തുടങ്ങി.

5-6-86ന് സർക്കാർ പരീക്ഷാജോലി അവശ്യസർവ്വീസായി പ്രഖ്യാപിച്ചു. ഇതിന്നെതിരെ തിരുവനന്തപുരത്ത് നടന്ന വമ്പിച്ച പ്രതിഷേധ പ്രകടനത്തിനു നേരെ പോലീസ് ഭീകരമർദ്ദനമഴിച്ചുവിട്ടു. നമ്മുടെയും മററ് സർവ്വീസ് സംഘടനകളുടെയും പ്രമുഖനേതാക്കന്മാരെ പോലീസ് അറസ്ററ് ചെയ്തു.

ഈ സാഹചര്യത്തിലാണ് 6-6-86ന് സർക്കാറുമായി ചർച്ചനടന്നത്. ഈ ചർച്ചയിൽ പ്രീഡിഗ്രിബോർഡ് രൂപീകരണത്തിന്റെ വിവിധ വശങ്ങൾ പഠിച്ചു റിപ്പോർട്ട് ചെയ്യുവാൻ വൈസ് ചാൻസലന്മാരുടെ ഒരു കമ്മിററി മുമ്പാകെ ബോർഡിന്റെ ആവശ്യകതകൾപ്പെടെയുള്ള കാര്യങ്ങൾ ഉന്നയിയ്ക്കാമെന്നും അദ്ധ്യാപകർക്കും ജീവനക്കാർക്കും സംരക്ഷണം നൽകുന്നതാണെന്നും മററും സർക്കാർ നിർദ്ദേശിച്ചു. പ്രീഡിഗ്രിബോർഡ് രൂപികരണ നിർദ്ദേശമുപേക്ഷിയ്ക്കണമെന്നാവശ്യപ്പെട്ടു സമരരംഗത്തുവന്ന നമുക്കും പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരസമിതിയ്ക്കും ഈ നിർദ്ദേശങ്ങൾ സ്വീകാര്യമായില്ല. 8-6-86ന് ചേർന്ന നമ്മുടെ സ്റേറററുകൗൺസിൽ യോഗം സമരപരിപാടികളുമായി മുന്നോട്ടുപോകാനും 11-6-86ന് അനിശ്ചിതകാല പണിമുക്കാരംഭിയ്ക്കുവാനും തീരുമാനിച്ചു.

പി. സി. ടി. എ. യും എം. ആർ. ചന്ദ്രശേഖരന്റെ സംഘടനയും 11-6-86ന് സമരം പ്രഖ്യാപിച്ചിരുന്നു. എന്നാൽ 8-6-86ന് അവരുടെ നേതാക്കൻമാർ മുഖ്യമന്ത്രിയുമായി ഒരു ധാരണയുണ്ടാക്കിയതിനെത്തുടർന്ന് സമരം പിൻവലിച്ചതായി പത്രവവാർത്തകൾ വരികയുണ്ടായി, പി. സി. ടി. എ യിലെ ഒരു വിഭാഗം നേതൃത്വത്തെ ധിക്കരിച്ചുകൊണ്ട് സമരരംഗത്തുറച്ചുനിൽക്കുമെന്ന് വന്നപ്പോൾ ശ്രീ. എം. ആർ. ചന്ദ്രശേഖരന്റെ സംഘടന ആ വിഭാഗത്തെ കയ്യിലെടുക്കാമെന്ന ലാക്കോടെ പത്രവാർത്ത നിഷേധിക്കുകയുംസമരം ചെയ്യുമെന്ന് പുനഃപ്രഖ്യാപിക്കുകയും ചെയ്തു

## നിരാഹാരം

സമരത്തിന്റെ സിരാകേന്ദ്രം സെക്രട്ടറിയേററ് നടയിൽ നാം നടത്തിവരുന്ന അനിശ്ചിതകാല നിരാഹാരസമരമായിരുന്നു. 31-5-86 നാരംഭിച്ച ഈ നിരാഹാരസമരം മററു ബഹുജന സർവ്വീസ് സംഘടനകളുടെ അഭൂതപൂർവ്വമായ സഹായസഹകരണത്തോടെ സമരം പിൻവലിച്ച 4-7-86 വരെ തുടർന്നു. സർവ്വകലാശാല ജീവനക്കാർ മൂന്ന് സർവ്വകലാശാലകൾക്ക് മുമ്പിലും 16-5-86 മുതൽ നിരാഹാരം നടത്തിയിരുന്നു.

20-6-86 മുതൽ എല്ലാ ജില്ലാകേന്ദ്രങ്ങളിലും നിരാഹാരസമരം തുടങ്ങി. ഒരദ്ധ്യാപകനും ഒരു അനദ്ധ്യാപകനും വീതമാണ് അനിശ്ചിതകാല നിരാഹാരമാരംഭിച്ചത്. 30-6-86 മുതൽ ഓരോ ജില്ലയിലും ചുരുങ്ങിയത് രണ്ട് കോളേജുകളിലേയ്ക്കെങ്കിലും ഈ സമരമുറ വ്യാപിപ്പിച്ചു. ഈ നിരാഹാരസമരവും സമരാവസാനംവരെ തുടരുകയുണ്ടായി. ഒരു ഘട്ടത്തിൽ അദ്ധ്യാപകേതര ജീവനക്കാർ കോളേജു വകുപ്പുതലവന്റെ ഓഫീസിനു മുമ്പാകെയും നിരാഹാരസമരം തുടങ്ങി. ഈ സമരകേന്ദ്രങ്ങളെല്ലാം തന്നെ ആദ്യന്തം സജീവമായിരുന്നു.

## പരീക്ഷാ ജോലി ബഹിഷ്കരിക്കണം

എന്നാൽ പരീക്ഷാ ജോലി ബഹിഷ്കരണം സർവ്വകലാശാലാ ജീവനക്കാരുടേതിനോട് താരതമ്യപ്പെടുത്തുമ്പോൾ അത്രതന്നെ വിജയമായില്ല. അനിശ്ചിതകാല പണിമുടക്കാരംഭിയ്ക്കുന്നതും വാലേഷൻ കേന്ദ്രങ്ങൾ പുനരാരംഭിക്കുന്നതും ഒരേ ദിവസമായിരുന്നു. നമ്മുടെ പ്രവർത്തകൻമാർക്ക് അനിശ്ചിതകാല പണിമുടക്കിൽ കേന്ദ്രീകരിയ്ക്കേണ്ടിവന്നു. അവന

വൻെറ വീടുകളിൽനിന്ന് വാലേഷൻ ജോലി യ്ക്കെത്തുന്ന അദ്ധ്യാപകർക്കിടയിൽ സമര പ്രചരണം നടത്തുന്നതും ഒരു പ്രശ്നമായിരുന്നു അവശ്യസർവ്വീസ് നിയമം നമ്മുടെ സംഘടനയ്ക്ക് പുതിയൊരനുഭവമായിരുന്നു. വാലേഷനിൽ 95 ശതമാനവും സമരത്തിനു മുമ്പുതന്നെ അവസാനിച്ചിരുന്നു. എങ്കിലും വാലേഷൻ കേന്ദ്രങ്ങളിലുണ്ടായിരുന്ന നമ്മുടെ പ്രവർത്തകരിൽ നല്ലൊരു ശതമാനം സംഘടനയുടെ നിർദ്ദേശമനുസരിച്ച് വാലേഷൻ ബഹിഷ്കരണത്തിൽ ഉറച്ചുനിൽക്കുകയുണ്ടായി.

## അനിശ്ചിതകാല പണിമുടക്ക്

നമ്മുടെയും മററുള്ളവരുടെയും എല്ലാ പ്രതീക്ഷകളെയും കവച്ചുവെച്ച വമ്പിച്ച വിജയമാണ് ഈ സമരരംഗത്തുണ്ടായത്. സമരപ്രചരണത്തിന് ഒട്ടുംതന്നെ സമയം ലഭിച്ചിരുന്നില്ല. കഴിഞ്ഞ വർഷാവസാനം നടന്ന ത്രൈവാർഷിക കൺവൻഷനെത്തുടർന്ന് സംഘടന സാമ്പത്തിക ഞെരുക്കത്തിലായിരുന്നു. എങ്കിലും നമ്മുടെ പ്രവർത്തകർ അവസരത്തിനൊത്തുയരുകയും അവരുടെ അത്യദ്ധ്വാനം സമരത്തെ വൻവിജയമാക്കി മാററുകയും ചെയ്തു പണിമുടക്കിൽ താഴെകാണുന്ന പ്രവണതകൾ പ്രത്യേകം ശ്രദ്ധേയമായിരുന്നു.

1 പല കോളേജുകളിലും നമ്മുടെ സംഘടനയിലോ മറേറതെങ്കിലും സംഘടനയിലോ പെടാത്തവർ പോലും സമരരംഗത്തുവന്നു.

2 യൂണിററില്ലാത്ത കോളേജുകളിൽ പുതിയ യൂണിററുകൾ രൂപീകരിച്ചുകൊണ്ട് അദ്ധ്യാപകർ സമരത്തിന്നിറങ്ങി.

3 യൂനിററ് ഭാരവാഹികൾ സമരം ചെയ്യാനറച്ചുനിന്നപ്പോൾ അവരുടെ വിലക്കിനെ വകവെയ്ക്കാതെ സാധാരണാംഗങ്ങൾ സമരരംഗത്തു വരികയുണ്ടായി

4 പല വനിതാകോളേജുകളിലേയ്ക്കും സമരം നല്ലതുപോലെ വ്യാപിച്ചു.

സമരത്തിൻെറ അവസാനഘട്ടത്തിൽ സംഘടനാഭാരവാഹികൾ പല യൂനിററുകളും സന്ദർശിച്ചതിനെത്തുടർന്ന് കൂടുതൽ അദ്ധ്യാപകർ സമരംഗത്തിറങ്ങുകയുണ്ടായി.

## മററു സംഘടനകളെന്തുചെയ്തു?

പ്രൈവററ് കോളേജ് അദ്ധ്യാപക സംഘടനകളിൽ പി. സി. ടി. എ. യും, എൻ. എസ്. എസ്. കോളേജുകളിലെ D C S Aയും മററു കോളേജുകളിലെ D C S Aയായ പ്രൊഫ. എം. ആർ ചന്ദ്രശേഖരൻെറ സംഘടനയും എല്ലാം സമരം പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. പി. സി. ടി എ നാളിതുവരെ സമരകാലത്തു അനുവർത്തിച്ചുവന്ന നയംതന്നെയാണ് ഇവരെല്ലാം അവലംബിച്ചത്, അതായത് പ്രചരണപ്രവർത്തനമൊന്നും നടത്താതെ സമരം പ്രഖ്യാപിയ്ക്കുക മെമ്പർമാരെ മനഃസാക്ഷിയ്ക്കനുസരിച്ച് പ്രവർത്തിയ്ക്കുവാൻ വിടുക, സമരകാലത്ത് തീപ്പൊരിപാറുന്ന പ്രസ്താവനകളിറക്കുക, സമരം വിജയിക്കുകയാണെങ്കിൽ തങ്ങൾ വിജയിപ്പിച്ചുവെന്നും പരാജയപ്പെടുകയാണെങ്കിൽ മററുള്ളവർ പരാജയപ്പെടുത്തിയെന്നും പ്രചരണം നടത്തുക എന്നിങ്ങനെ. നമ്മുടെ സംഘടനയിൽ രാഷ്ട്രീയമാരോപിച്ചുനടന്ന പി. സി. ടി. എ. സമരം വന്നപ്പോൾ രാഷ്ട്രീയമായി ത്തന്നെ നെടുകെയും കുറുകെയും പിളർന്ന് ഒരു വിഭാഗം തങ്ങളുടെ രാഷ്ട്രീയ യജമാനന്മാർക്ക്വേണ്ടി സമരത്തെ പിന്നിൽനിന്ന് കുത്തിയപ്പോൾ മറെറാരു വിഭാഗം സമരത്തിലുറച്ചുനിന്നു. അവരെ കൊക്കിലൊതുക്കാനാണ് പ്രൊഫ. ചന്ദ്രശേഖരൻെറ സംഘടന സർക്കാറിനോട് തങ്ങൾക്കുള്ള വിധേയത്വത്തെ വിഗണിച്ചുപോലും സമരരംഗത്തുനിന്നത്. എന്നാൽ സമരത്തിൽ നിന്നവരുടെ സമരതന്ത്രം പി. സി ടി. എ. യുടെ മേൽപറഞ്ഞത് തന്നെ. പ്രൊഫ ചന്ദ്രശേഖരൻെറ സംഘടന, നേതാക്കന്മാർമാത്രം സമരം ചെയ്യുകയെന്ന സർവ്വീസ് സംഘടനാരംഗത്ത് പുത്തനായൊരടവുകൂടി പയററി നോക്കി. സമരം ചെയ്യാൻ രംഗത്തുവന്ന സഘാംഗങ്ങളെയെല്ലാം ജോലിയ്ക്ക് തിരികെ കേറാൻ അനുവദിച്ചു. സമരം ചെയ്തില്ലെങ്കിലും സംഘടനയിൽ നിന്നാൽമതി. ഞങ്ങൾക്ക് ജയ്വിളിച്ചാൽ മതി, എന്നുള്ള സമീപനത്തെ ക്കുറിച്ചെന്തുപറയാൻ! ഇവർ നടത്തിയ ഒരേ ഒരു പ്രകടനം സമരാവസാനകാലത്ത് സെക്രട്ടറിയേററ് നടയിൽ നടത്തിയ ധർണയായിരുന്നു. അമ്പതോളം പേർപങ്കെടുത്ത പ്രസ്തുത

ധർണയിൽ പ്രൊഫ. ചന്ദ്രശേഖരൻെറ സംഘടനയെ പ്രതിനിധീകരിയ്ക്കാൻ ഒരു ഡസൻ പേർപോലും തികഞ്ഞിരുന്നില്ല.

മാനേജരുടെ സമ്മതവും അനുഗ്രഹവും വാങ്ങി D. C. S. A. സമരത്തിന്ന് വന്നുവെങ്കിലും കുറച്ചു കഴിഞ്ഞപ്പോറം പാലം വലിച്ച് എല്ലാവരും അകത്തുകയറി.

## ഒത്തുതീർപ്പ്

മാന്യമായ ഒരൊത്തുതീർപ്പിന്നുശേഷം, സമരം നിർത്തിവെച്ചപ്പോറം സമരം ഒരു വൻപരാജയമായിരുന്നുവെന്ന് ചില പ്രമുഖപത്രങ്ങറം ബോധപൂർവ്വം പ്രചരിപ്പിയ്ക്കുകയുണ്ടായി. സമരക്കാരും സർക്കാരും തമ്മിൽ ചർച്ചതന്നെ നടന്നില്ലെന്നായിരുന്നു ഒരു പ്രചരണം. രാഷ്ട്രീയ നേതാക്കന്മാർ മദ്ധ്യസ്ഥന്മാരായുള്ള ചർച്ച നടന്നത് എത്രയും നന്നായി എന്നത് സർക്കാറിൻെറ ഒത്തുതീർപ്പ് ലംഘനവും തുടർന്നുള്ള സംഭവവികാസങ്ങളും തെളിയിച്ചുകഴിഞ്ഞതാണ്. സമരം പരാജയമായിരുന്നുവെന്നു മനഃപൂർവ്വം പ്രചാരവേലചെയ്തവർ താഴെ പറയുന്ന കാര്യങ്ങറം കണ്ടില്ലെന്ന് നടിയ്ക്കുകയാണ്.

1. കഴിഞ്ഞ ജൂൺമാസത്തിന് മുമ്പ്തന്നെ ധൃതിപിടിച്ച് പ്രീഡിഗ്രി വിഭജനം നടത്തുവാനും ബോർഡ് രൂപീകരിയ്ക്കാനുമുള്ള സർക്കാറിൻെറ ഹീനശ്രമം തടയപ്പെട്ടു.

2. പ്രീഡിഗ്രിബോർഡ് രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടുചെയ്യാനാണ് ആദ്യം വൈസ്ചാൻസലർമാരോടാവശ്യപ്പെട്ടത്. എന്നാൽ സമരത്തിൻെറ ഒത്തുതീർപ്പനുസരിച്ച് ഈ പ്രശ്നത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് പഠിയ്ക്കാനാണ് കമ്മററിയെ ചുമതലപ്പെടുത്തിയത്.

3. പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിന്നെതിരായി ശക്തിയായ പൊതുജനാഭിപ്രായം രൂപീകരിയ്ക്കാൻ സമരത്തിന് കഴിഞ്ഞു.

4. 15—5—86ന് എല്ലാം തീരുമാനിച്ചു എന്നു പറഞ്ഞുനടന്ന വിദ്യാഭ്യാസമന്ത്രി അന്നെടുത്തത് നയപരമായ തീരുമാനമാണെന്ന് പറയുന്നു.

5. ഭരണകക്ഷികറംക്കിടയിൽതന്നെ ഇത് സംബന്ധിച്ചുള്ള ശക്തിയായ അഭിപ്രായവ്യത്യാസം പുറത്തുകൊണ്ടുവരുവാൻ സമരത്തിനു കഴിഞ്ഞു.

6. വൈസ്ചാൻസലർമാരുടെ റിപ്പോർട്ട് കിട്ടിയാലുടൻ പ്രീഡിഗ്രി വിഭജനം നടത്തുമെന്നായിരുന്നു ജൂൺ 6—ാംനു സർക്കാറിൻെറ നിലപാട്. എന്നാൽഒത്തുതീർപ്പനുസരിച്ച് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ വിവിധ രാഷ്ട്രീയ കക്ഷികളും അദ്ധ്യാപക—വിദ്യാർത്ഥി—സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ചർച്ചചെയ്യേണ്ടിയിരിയ്ക്കുന്നു.

7. പ്രീഡിഗ്രി ബോർഡിന്നെതിരെ നടന്ന ഐതിഹാസികമായ സമരം അദ്ധ്യാപകരിലും ജീവനക്കാരിലും വിദ്യാർത്ഥികളിലും പുതിയൊരു ആത്മവിശ്വാസമുണ്ടാക്കിയിട്ടുണ്ട്.

ഒത്തുതീർപ്പ് വ്യവസ്ഥകറം ഏകപക്ഷീയമായി ലംഘിയ്ക്കാൻ സർക്കാർ മുതിർന്നപ്പോറം അതിന്നെതിരെ നടന്ന പ്രക്ഷോഭണത്തിൽ നമ്മുടെ സംഘടനയും സജീവമായി പങ്കെടുത്തു.

## സമരത്തിന് ശേഷം

സർക്കാറും സമരം വിജയിച്ചുവെന്നത് ഒരിയ്ക്കലും അംഗീകരിയ്ക്കാൻ മനസ്സ് സമ്മതിയ്ക്കാത്ത ചില പ്രമുഖപത്രങ്ങളും നടത്തിയ വ്യാജപ്രചാരവേലകറം ഉണ്ടാക്കുമായിരുന്ന ആശയക്കുഴപ്പം ഒഴിവാക്കാൻ പ്രവർത്തകസമിതിയംഗങ്ങളും മററു ഭാരവാഹികളും ഗ്രൂപ്പുകളായിത്തിരിഞ്ഞ് മഹാഭൂരിപക്ഷം യൂനിററുകളും സന്ദർശിച്ച് വിശദീകരണം നടത്തുകയുണ്ടായി.

28-7-86 ന് സംഘടനാ പ്രതിനിധികറം വൈസ്ചാൻസലർമാരുടെ കമ്മററി മുമ്പാകെ തെളിവുനൽകി (കമ്മററിയ്ക്ക് നൽകിയ മെമ്മോറാണ്ഡം ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

## സമരം നൽകുന്ന പാഠങ്ങൾ

നിക്ഷിപ്ത താൽപര്യ പ്രീണനമെന്ന വിദ്യാഭ്യാസേതര താൽപര്യത്തോടെ വിദ്യാഭ്യാസ

പരിഷ്കാരാരംഭം നടത്താൻ രണ്ടും കല്പിച്ചിറങ്ങിയ ഒരു സർക്കാറിൻെറ നീചമായ നീക്കത്തെ പിടിച്ചുനിർത്തുന്നതിൽ വിജയിച്ച ഈ സമരം നമുക്ക് നൽകുന്ന അനുഭവപാഠങ്ങൾ വിലപ്പെട്ടതാണ്.

1. അദ്ധ്യാപക സർവ്വീസ്സംഘടനകളുടെ അതിവിപുലമായ ഐക്യസമരമുന്നണി കെട്ടിപ്പടുത്തുകൊണ്ട് മാത്രമേ ഭരണാധികാരികളുടെ നിരങ്കുശമായ നീക്കങ്ങളെ ചെറുത്തുതോൽപ്പിക്കാൻ കഴിയൂ. സ്വന്തംശക്തി മഹാശക്തിയെന്നുപറഞ്ഞു ഒററയാൻ നയം സ്വീകരിച്ചവർക്ക് കഴിഞ്ഞ സമരത്തിൽ ഒന്നും ചെയ്യാൻകഴിഞ്ഞില്ലെന്ന് നാം കണ്ടുകഴിഞ്ഞതാണ്.

2. അതിവിപുലമായ ജനപിന്തുണയാണ് ഏത് ധർമ്മസമരത്തിൻെറയും വിജയം ഉറപ്പ് വരുത്തുന്നത്. എല്ലാവിധ മർദ്ദനമുറകളും അഴിച്ചുവിട്ട ഭരണാധികാരികളുടെ കടന്നാക്രമണത്തിൽ നമുക്കു പിടിച്ചുനിൽക്കാനും തിരിച്ചാക്രമിയ്ക്കാനും കഴിഞ്ഞത്, ഈ സമരത്തിന്ന് ലഭിച്ച അതിവിപുലമായ ജനപിന്തുണകൊണ്ടുമാത്രമാണ്.

3. നമ്മുടെ സർവ്വീസ് പ്രശ്നത്തെക്കാളുപരി ഒരു സാമൂഹ്യപ്രശ്നം എന്ന നിലയ്ക്കാണ് നാം പ്രീഡിഗ്രി ബോർഡ് പ്രശ്നത്തെ ഏറെറടുത്തതും സർക്കാറിൻെറ വിദ്യാഭ്യാസത്തെ കച്ചവടമാക്കാനുള്ള നീക്കത്തിനെതിരെ സമരം പ്രഖ്യപിച്ചതും. ഇത്തരം സാമൂഹ്യ പ്രശ്നങ്ങളിൽ താൽപര്യ മെടുക്കുകയും സമൂഹത്തിനു വേണ്ടി ഇടപെടുകയും ചെയ്യുന്നതു കൊണ്ട് സംഘടനയുടെ സാമൂഹ്യ പ്രസക്തിയും അന്തസ്സും വർദ്ധിച്ചു.

4. നമ്മുടെ സംഘടനയുടെമേൽ രാഷ്ട്രീയമാരോപിയ്ക്കുന്നവർ അതിരാഷ്ട്രീയമുള്ളവരാണ്. പി സി ടി എയിൽ ഒരു വിഭഗം സമരരംഗത്ത് നിന്നോടിപോയത് രാഷ്ട്രീയസമ്മർദ്ദം കൊണ്ടായിരുന്നുവെന്നത് വ്യക്തമാണ്.

5. കാലം ശക്തമായ സമരമാവശ്യപ്പെടുമ്പോൾ ഒളിച്ചോടുന്നവക്ക് സംഘടന കൂടെ കൊണ്ടുപോകാൻ കഴിയില്ല. പി. സി.ിട. എ. യിലെ ഒരു വിഭാഗത്തിന് നേരിട്ട ഗതികേട് ഇതായിരുന്നു.

6. സംഘടനയെ സമരത്തിൽനിന്ന് മാററി നിർത്തിയ്ത്തങ്ങളും രംഗത്തുണ്ടായിരുന്നുവെന്ന് വരുത്തിതീർക്കാൻ ശ്രമിക്കുന്നവർക്ക് സംഘടന കൈമോശം വരികയും സമരത്തിൽ എങ്ങെങ്കിലും ചലനമുണ്ടാക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. പ്രൊഫ. ചന്ദ്രശേഖരൻെറ സംഘടനയ്ക്ക് ഈ ഗതികോടാണ് നേരിട്ടത്.

7. അന്ധമായ സമരവിരോധം ഭരണാധികാരികളെ തെററിൽനിന്ന് ഭീമമായ തെററിലേയ്ക്ക് നയിക്കുന്നു. സമുദായത്തിന് ഭരണകർത്താക്കളുടെ ഈ അവിവേകത്തിൻെറ ദുഷ്ഫലങ്ങൾ അനുഭവിയ്ക്കേണ്ടിവരുന്നു.

സർക്കാറിനെ പ്രീഡിഗ്രിബോർസ് രൂപീകരണത്തിൽനിന്ന് പരിപൂർണ്ണമായി പിന്തിരിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നിക്ഷിപ്ത തൽപര്യങ്ങളിൽനിന്ന് അച്ചാരം വാങ്ങിയവരെപ്പോലെ സർക്കാർ ഇപ്പോഴും ഈ ഹീന ശ്രമവുമായി മുന്നോട്ടുപോകാൻ ശ്രമിക്കുകയാണ്. നിർണ്ണായകമായ ഒരു സമരത്തിലൂടെ സർക്കാറിനെ ഈ തെററായ നീക്കത്തിൽനിന്ന് പിന്തിരിപ്പിയ്ക്കാൻ കഴിയുമെന്ന ആത്മവിശ്വസം കഴിഞ്ഞ സമരം നമുക്ക് നേടിത്തന്നിട്ടുണ്ട്. ഐതിഹാസികമായ പ്രീഡിഗ്രി സമരത്തിൻെറ വിലപ്പെട്ട അനുഭവ പാഠങ്ങളുംക്കൊണ്ടുകൊണ്ട്, പ്രസ്തുതസമരം സമ്മാനിച്ച ആത്മവിശ്വസത്തോടെ പ്രീഡിഗ്രി ബോർഡ് രൂപീകരണശ്രമത്തിനെതിരായി നിർണ്ണായകമായ ഒരു പോരാട്ടത്തിന് നാം തയ്യാറാകേണ്ടിയിരിയ്ക്കുന്നു. ○

## യു. സി. കോളേജിൽ എ കെ പി സി ടി. എ വിജയിച്ചു.

യു. സി കോളേജ് കൗൺസിലിലേയ്ക്ക് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ പി. സി. ടി. എ സ്ഥാനാർത്ഥികളെ പരാജയപ്പെടുത്തിക്കൊണ്ട് എ. കെ പി. സി ടി എ സ്ഥാനാർത്ഥികൾ വിജയം വരിച്ചു. പ്രൊഫ. എൻ ഐ. തോമസ്സും ശ്രീ ഐസക്ക്പോളും ആണ് വിജയിച്ചവർ.

# താൽക്കാലിക വേക്കൻസികളിൽ നിയമിക്കപ്പെടുന്നവർ

## The Gandhiji University (Third Amendment) Bill, 1986.

It is found, provisions have been incorporated in the Gandhiji University (Third Amendment), Bill, 1986 for protecting the interests of teachers appointed in Private Colleges against temporary vacancies and continuing as such and those relieved from private colleges owing to the abolition of courses of studies in the colleges or the cessation of the period for which they were appointed or for any other reason except disciplinary action against them. The following are the provisions :-

"Section 62 (2). Notwithstanding anything contained in this Act, the Statutes, Ordinances and Regulations made therunder :

(a) a person appointed as teacher in a private college in a temporary vacancy and continuing as such shall be appointed as teacher in any permenent vacancy that may arise, after such appointment in the temporary vacancy, in the private college or, as the case may be, any of the private colleges under the management of the educational agency within the University area ;

(b) a teacher relieved from a private college due to the abolition of a course of study in that private college or the cessation of the period for which he was appointed or for any other reason except disciplinary action against him, shall be given preference in the matter of future appointments in the private college or, as the case may be any of the private colleges under the management of the educational agency within the University area.

Note : Since 1980 we have been requesting the Government to amend the University Acts for the purpose of giving protection to the above-mentioned category of teachers.

## The following Statute Amendment was adopted by the University of kerala at itsmeeting held on5-11-1986

Private Colleges shifting of lien of teachers appointed for a specific period to substantive posts-Amendment to the Kerala University First Statutes, 1979.

AMENDMENT

That in Statute 23 of Chapter II of the Kerala University (Conditions of Service of teachers and Members of Non-Teaching Staff First Statutes, 1979, after Clause 3, the following Clause shall be inserted namely :-

3A- A teacher duly appointed as per the select list referred to in Clause 3 of Statute 10 for a specific perjod shall

have his her lien shifted to the first substantive vacancy that arises, during the pendancy of the short period appointment' in the college or all of the colleges under the Management.

Explanation:

1. For the purpose of this Statute a teacher appointed against a temporary or leave vacancy shall have seniority over all others who are lower in rank in the same select list or who belong to a subsequent select list, appointed in the same Department.

2. Teachers who were thrown out for want of vacancies shall be appointed in subsequent vacancies irrespective of the quota to which they were first selected. Only after absorbing all such thrown out persons, fresh appointment shall be made

## Amendment to Kerala University first Ordinances, 1978

The Kerala University First Ordinances, 1978 have been amended with a view to *regularising an irregular appointment* of a teacher as the principal of a I Grade College, made by the S.N. Management.

AMENDMENT

"That in Chapter XIII-workload and pattern of teaching staff in Arts and Science Colleges-of the Kerala University First Ordinances, 1978, the following be added as second sentence to the 'Note' given under clause 2 (a) of Ordinance 1:-

'However this provision shall not be applicable in the case of a principal promoted from among the First Grade Cadre professors whose teaching subject is not included in any of the courses of studies offered by the Colleges'..."

## പ്രൊഫ. വി. ആർ. സരസ്വതിയ്ക്ക് യാത്ര അയപ്പ്



വർക്കല എസ്. എൻ. കോളേജ് ഇക്കണോമിക്സ് പ്രൊഫസറും, എ. കെ. പി. സി. ടി. എ യുടെ സജീവപ്രവർത്തകയുമായിരുന്ന പ്രൊഫ. വി. ആർ. സരസ്വതിയ്ക്ക് സംഘടനാംഗങ്ങൾ നല്കിയ യാത്രയയപ്പ്.

# ഗവ: യൂണി: ഓർഡറുകൾ
# ശമ്പള പരിഷ്കരണം

## അപാകതകൾ

Extracts from Government Letter No. 88618/PRC. B1/85/Fin., Finance (PRC B) Department, Dated: 21/23-10-1986, from the Finance Secretary

Sub: Pay Revision 1983-Anomalies- Rectification-Request-Reg.

Ref: Memorandum submitted to the Chief Secretary, Kerala, on 13-12-1985.

With reference to the memorandum cited, I am to inform you as follows:

1. To-sanction the benefits on Grade and Promotion prospects from 1-7-1983.

The Fourth Kerala Pay Commission reviewed the promotional prospects of enployees and suggested improvement of existing ratios and new higher grades for a number of categories. It also recommended liberalisation of the scheme of time bound non-cadre promotion. Govt. accepted the recommendation of the commission but they were given effect to only from 16-9-1985. Government regrets its inability for a reconsideration of the orders already issued in the matter.

2. (a) Sanctioning of a third higher grade to all employees including teachers.

The pay Commission reviewed the promotion prospects of various categories of employees and made recommendations whereover necessary. The Commission did not propose the grant of a third higher grade to all categories on the basis of a general pattern. The time bound grade pronotion scheme is in addition to the promotion chances available under the fixed ratio. Government do not consider that there is a case for any further liberalistion of promotion prospects

3. To protect the loss in D. A.

In the matter of D.A., the State Government has no independent formula, but it follows the Central pattern. State employees are allowed D.A. to ensure the same quantum benefit as admissible to Central employees under each instalment. Hence Government do not consider that there is any loss in D.A. under the new pay structure.

5. To restore the parity that existed prior to the revision of scale of pay.

The Fourth pay Commission evaluated various categories of posts based on qualification and job requirements and suggested appropriate revised scales. In this process of evaluation the old priorities were disturbed. The basic policy decision of Government on the recommendations of the pay Commission is that it would not be proper to re-open the issues that have been studied by a high-powered comemission like the pay commission. Henc- the request to restore the parity cannot be complied with.

**6. To enhance the rate of H. R. A. in rural areas:**

H. R. A. at the rate of Rs. 10/- p. m. sanctioned to the employees working in rural areas, was revised to Rs. 20/-p. m. on the basis of the recommendations of the Pay Commission. No further enhancement in this rate is possible.

**7. To extend facility for option to those who were appointed promoted between 1-7-1983 to 16-9-1985.**

According to Rule 12 of the rules for fixation of pay promotions or appointments made on or after 1-7-1983 will be deemed to have been made to the revised scale of the post and pay in such cases fixed, if necessary under the normal rules. Government does not consider it necessary to make any modification to this rule. In this connection I am to invite your attention to G. O. (P) 285/86/Fin. dated 3-4-1986 granting another chance of re-option for postponement of service based higher grade/non-cadre promotions to those officers who got such promotions during the period between 1-7-1983 and 16-9-1985. A Copy of the G. O. is enclosed.

**8. Rent of Government quarters:**

The question of regulating payment of rent in the context of the revision of scales of pay is under consideration of Government.

**9. Sanctioning of D. A. instalments:**

Only the instalment of D. A. due on 1-4-1986 is now pending sanction. A decision on this has not been taken by Government.

## ഡോ. അനിൽ കുമാർ



1986 സെപ്റ്റംബർ 1 മുതൽ 6 വരെ ഫ്രാൻസിലെ ലിൽ (Lile) യൂണിവേഴ്സിറ്റിയിൽ വച്ചു നടന്ന Invertebrate Reproduction ന്റെ നാലാം അന്താരാഷ്ട്ര സിമ്പോസിയത്തിൽ പങ്കെടുത്തു കൊണ്ട് കണ്ണൂർ ശ്രീനാരായണ കോളജിലെ സുവോളജി അദ്ധ്യാപകനായ ഡോ. ജി. അനിൽകുമാർ "Induced Ovarian growth by eyeslak ablation in the crab, Paratelphusa Hydrodromcus" എന്ന ഗവേഷണ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. "International Society of Invertebrate Reproduction" സംഘടിപ്പിച്ച ഈ സിമ്പോസിയത്തിൽ യു. എസ്. എ, ജർമ്മനി. ജപ്പാൻ, പോളണ്ട്, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് 150 ൽ പരം പ്രശസ്ത ശാസ്ത്രജ്ഞന്മാർ പങ്കെടുത്തിരുന്നു. ഡോ: അനിൽ കണ്ണൂർ ശ്രീനാരായണ കോളജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ച് കമ്മറ്റി അംഗമാണ്.

# ചോദ്യോത്തരപംക്തി

ചോദ്യം 1) Prof. K. Hareendran, S. N. College, Cannanore.

a) ഏതെങ്കിലും ഒരു മാസത്തിന്റെ മധ്യത്തിലുള്ള ഒരു ദിവസം മുതൽ പ്രൊമോഷൻ (ലക്ചറർ ആയോ നോൺകാഡർ പ്രൊഫസർ ആയോ) ലഭിച്ച ഒരു അദ്ധ്യാപകന് പ്രൊമോഷൻ സ്കെയിലിൽ ആദ്യ ഇൻക്രിമെന്റ് അടുത്തവർഷം ആ മാസത്തിന്റെ ആദ്യദിവസം തന്നെ കിട്ടാനർഹതയുണ്ടോ?

b) I/II Grade നോൺകാഡർ പ്രൊഫസറായി തുടർന്നുവന്ന ഒരദ്ധ്യാപകനെ Cadre പ്രൊഫസറായി നിയമിക്കുമ്പോൾ പ്രസ്തുത പ്രൊമോഷൻ നിയമനം "on probation" ആയിരിക്കുമല്ലോ. ആ അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം അടുത്ത ഇംക്രിമെന്റിന് അർഹത പ്രൊബേഷൻ ഡിക്ളറേഷൻ കഴിഞ്ഞതിനുശേഷമേ ഉള്ളോ?

ഉത്തരം (a) ഒരു പ്രൊമോഷനുമായി ബന്ധപ്പെട്ടു ഹയർസ്കെയിലിൽ ശമ്പളം നിർണ്ണയിക്കപ്പെടുന്നുണ്ടെങ്കിൽ പ്രൊമോഷൻ ലഭിച്ച് ഒരു വർഷം കഴിഞ്ഞതിനുശേഷമേ പ്രൊമോഷൻ സ്കെയിലിലെ ആദ്യം ഇൻക്രിമെന്റ് കിട്ടുകയുള്ളു. ആദ്യത്തെ ഇൻക്രിമെന്റിനുശേഷമുള്ള ഇൻക്രിമെന്റുകൾ തുടർന്നുള്ള വർഷങ്ങളിൽ പ്രസക്തമായ മാസത്തിന്റെ ആദ്യദിവസം തന്നെ കിട്ടും.

(b) ഒരു I Grade N. C. പ്രൊഫസർക്ക് I Grade Cadre പ്രൊഫസറായി പ്രൊമോഷൻ കിട്ടുന്നതുമായി ബന്ധപ്പെട്ട് ഒരു ഹയർ സ്കെയിലിൽ pay fix ചെയ്യപ്പെടുന്നില്ല. N. C. Professor ആയി നിയമനം ലഭിച്ചപ്പോൾ Pay fixation നടന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തന്നെ തുടർന്നും ഇൻക്രിമെന്റ് ലഭിക്കും. Cadre professor ആയി പ്രൊമോഷൻ ലഭിച്ചതിനുശേഷമുള്ള പ്രൊബേഷൻ ഡിക്ളറേഷനും I Grade പ്രൊഫസർ Scale-ലെ ഇൻക്രിമെന്റ് അനുവദിക്കലുമായി ഒരു ബന്ധവുമില്ല. പ്രൊബേഷൻ ഡിക്ളറേഷനുമുമ്പാണ് ഇൻക്രിമെന്റ് due ആകുന്നതെങ്കിൽ അപ്പോൾ തന്നെയതുകിട്ടും.

ചോദ്യം (2) Prof. S. Sivan, S. N College, Chempazhanthy
ഇൻക്രിമെന്റ് due ആകുന്നതീയതിക്ക് ഒരദ്ധ്യാപകൻ ലീവിലാണെ
വാർഷിക ഇൻക്രിമെന്റ് due ആകുന്നതീയതിക്ക് ഒരദ്ധ്യാപകൻ ലീവിലാണെ
ങ്കിൽ ലീവ് കഴിഞ്ഞ് അദ്ദേഹം join ചെയ്യുമ്പോൾ മാത്രമേ അതിനർഹനാകുന്നു
ള്ളോ?

ഉത്തരം
ലീവെടുത്തതു മെഡിക്കൽ ഗ്രൗണ്ടിൽ ആണെ
Loss of pay leave-ന്റെ കാര്യത്തിൽ, ലീവെടുത്തതു മെഡിക്കൽ ഗ്രൗണ്ടിൽ ആണെ
ങ്കിലും, ലീവ് കഴിഞ്ഞു സർവ്വീസിൽ പ്രവേശിച്ചതിനുശേഷം മാത്രമേ ഇൻക്രിമെ
ന്റിനർഹതയുണ്ടാകുകയുള്ളു. Half pay leave, Commuted Leave എന്നിവയെ
ടുക്കുന്നതുമൂലം increment due ആകുന്ന തീയതിയിൽ മാറ്റം ഉണ്ടാകുന്നില്ലെന്നത്
നാൽ, ലീവിലല്ലാത്തപ്പോൾ inerement due ആകുന്ന തീയതിക്കുതന്നെ അതുകിട്ടും.

ചോദ്യം 3 Prof. M. Divakaran Nair, Dhanuvachapuram
ഒരു പണിമുടക്കു സമരവുമായി ബന്ധപ്പെട്ടു ജോലിക്കു ഹാജരാകാതിരുന്ന ഒരെ

ദ്ധ്യാപകൻ സമരം പിൻവലിച്ചപ്പോൾ College-ൽ "duty resume" ചെയ്യാതെ ലീവിൽ പ്രവേശിച്ചാൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ leave period ഉം "period of unauthorised absence ആയി കണക്കാക്കുമോ?

ഉത്തരം "period of unauthorised absence" എന്തെന്ന് വ്യക്തമാക്കുന്ന നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ വെച്ച് leave period ഉം "period of unauthorised absence" ആയി കണക്കാക്കി diesnon ആയി treat ചെയ്യും. (14A Part I K S R പ്രകാരം) 1986 June-July മാസങ്ങളിൽ നടന്ന പണിമുടക്കുസമരത്തിൽ പങ്കെടുത്ത ചില അദ്ധ്യാപകർ സമരം അവസാനിച്ചതിന്ശേഷം "duty resume" ചെയ്യാതെ ലീവിൽ പ്രവേശിച്ചു. അവരുടെ കാര്യത്തിൽ, leave period-ഉം dies-non ആയി treat ചെയ്യേണ്ട 'period of unauthorised absence" ആക്കുമെന്നാണ് ബന്ധപ്പെട്ട ഓഫീസ് പറയുന്നത്.

ചോദ്യം 4) Prof. T. N. Raman Pillai, Dhanuvachapuram.

ഒരു കലണ്ടർ വർഷത്തെ Ad-hoc ബോണസ് അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവിറങ്ങുന്ന തീയതിക്ക് ആ വർഷം മൊത്തം 6 മാസത്തെ സർവീസ് ഉണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് ബോണസിന് അർഹതയുണ്ടാകുകയുള്ളുയെന്നുണ്ടോ?

ഉത്തരം ഒരു കലണ്ടർ വർഷത്തെ ബോണസിനർഹതയുണ്ടാകാൻ ഒരാൾക്ക് ബന്ധപ്പെട്ട G. O. ഇറങ്ങിയ തീയതിയ്ക്ക് 6 മാസത്തെ സർവ്വീസ് വേണമെന്ന് നിർബന്ധമില്ല. ആ തീയതിക്ക് സർവ്വീസിൽ ഉണ്ടായിരിക്കണമെന്നുമില്ല. G.O. ഇറങ്ങിയ തീയതിക്കു ശേഷം 6 മാസത്തെ സർവീസ്, കലണ്ടർ വർഷത്തിൽ പൂർത്തിയാക്കുന്ന മുറയ്ക്ക് ഒരാൾക്ക് ബോണസിനർഹതയുണ്ടാകും. കലണ്ടർ വർഷത്തിൽ 6 മാസത്തെ മൊത്തം സർവീസുണ്ടായിരിക്കണമെന്നേയുള്ളു.

ചോദ്യം 5) N. G. Mohanan, Shertallai.

Employment Service, time bound Grade promotion-നു കൾക്ക് കണക്കാക്കുമോ?

ഉത്തരം സർക്കാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം Employment Service ഗ്രേഡ് പ്രൊമോഷനു കണക്കാക്കും. (decision under Rule 33 Part I, KSR). പ്രൈവററ് കോളേജ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഈ തീരുമാനം ബാധകമല്ലെന്നാണ് ബന്ധപ്പെട്ട ഓഫീസുകൾ പറയുന്നത്.

ചോദ്യം 6) Prof. K. Ravindran, Chempazhanthy.

Medical ground-ൽ loss of pay എടുത്താൽ ലീവു കാലം ഒരു പ്രൈവററ് കോളേജു അദ്ധ്യാപകൻെറ ഗ്രേഡ് പ്രൊമേഷന് കണക്കാക്കില്ലെന്നു യൂണിവേഴ്സിററികൾ പറയുന്നു. സർക്കാർ ജീവനക്കാരുടെ time bound ഗ്രേഡ് പ്രൊമോഷനു പ്രസ്തുത ലീവ്കാലം സർവ്വീസായി കണക്കാക്കുമെന്ന പറയുന്ന സർക്കാർ ഉത്തരവുണ്ടല്ലോ.

ഉത്തരം 17-8-1976 ലെG. O. M.S. No 132/76/ H. Edn ൽ പറയുന്നതു വച്ചിട്ടാണ് "period of leave on loss of pay' time bound,automatic promotion ന് കണക്കാക്കില്ലെന്ന യൂണിവേഴ്സിററികൾ പറയുന്നത്. സർക്കാർ ജീവനക്കർക്ക് ബാധകമായ G. O. (P) No. 828/81 (397) Fin. dt. 9-12-1981 ലെ ഉത്തരവുകൾ പ്രൈവററു കോളേജ് അദ്ധ്യാപകർക്ക് ബാധകമല്ലപോലും. നമ്മുക്കു ബാധകമായ വ്യവസ്ഥകളിൽ പല മാററങ്ങളും സർക്കാർ വരുത്തിയെങ്കിലും ഈ വിവേചനം നലിനിൽക്കുകയാണിപ്പോഴും. ഈ കാര്യം നാം സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

T.G

# വിദ്യാഭ്യാസമന്ത്രി ജനങ്ങളോടു മാപ്പുപറയണം

—എ. കെ. പി. സി. ടി. എ.

ഗാന്ധിജി സർവകലാശാലയുടെ കാര്യത്തിൽ നിയമസഭയേയും ജനങ്ങളേയും വ്യാജ പ്രസ്താവനവഴി കബളിപ്പിച്ച വിദ്യാഭ്യാസമന്ത്രി ടി. എം. ജേക്കബ് പരസ്യമായി മാപ്പുപറയണമെന്ന് എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണനും ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻ കുട്ടിയും തിരുവനന്തപുരത്ത് പത്രസമ്മേളനത്തിൽ അവശ്യപ്പെട്ടു. പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. കെ. പി. ദിവാകരൻ നായർ, പ്രൊഫ. വി. എൻ. മുരളി എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

നിലവിലുളള ഗാന്ധിജി സർവ്വകലാശാലാ നിയമം വിഭാവനം ചെയ്യുന്ന ജനാധിപത്യപരമായ ഭരണസംവിധാനത്തിൽ യു. ജി. സി. "നിർദ്ദേശ"ങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ ഗന്ധിജി യൂണിവേഴ്സിററിക്ക് യു. ജി. സി. യുടെ "അംഗീകാരവും" സാംപത്തികസഹായവും ലഭിക്കുകയില്ലെന്ന് സംസ്ഥാന വിദ്യാഭ്യാസമന്ത്രി കുറച്ചുകാലമായി നമ്മോടു പറയുന്നുണ്ടായിരുന്നു. മാത്രമല്ല, ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഗാന്ധിജി യൂണിവേഴ്സിററി മൂന്നാം ഭേദഗതി ബില്ലിൻെറ "ഉദ്ദേശലക്ഷ്യങ്ങളിൽ" ഗന്ധിജി യൂണിവേഴ്സിററിക്ക് യു. ജി. സി. യുടെ "അംഗീകാരവും" ധനസഹായവും ലഭിക്കുന്നതിനുവേണ്ടി യു. ജി. സി. "നിർദ്ദേശിച്ച"മാററങ്ങൾ വരുത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത ബിൽ എന്ന് പറയുകയും ചെയ്തിരിക്കുന്നു. ഗാന്ധിജി യൂണിവേഴ്സിററിയുടെ ഇന്നുളള പരിമിതമായ ജനാധിപത്യസ്വഭാവം പോലും നശിപ്പിക്കുന്നതിന് പോരുന്നവയാണ് വരുത്താൻപോകുന്ന മാററങ്ങളെന്ന് പരക്കെ വിമർശനമുണ്ട്. പരമാധികാരമില്ലാത്തതും, ഉപദേശകസമിതിയുടെ സ്വഭാവത്തിലുളളതുമായിരിക്കും പുതിയ സെനററ്. സെനററിലേയ്ക്കുമാത്രമേ തെരഞ്ഞെടുപ്പുണ്ടാവുകയുളളൂ. സിൻഡിക്കേററിലേയ്ക്കും അക്കാഡമിക് കൗൺസിലിലേയ്ക്കും ഗവൺമെൻേറാ ചാൻസിലറോ ആളുകളെ നോമിനേററ് ചെയ്യും. കേളേജുകൾക്ക് "ഓട്ടോണമി" നല്കുന്നതിനുളള വ്യവസ്ഥകളും ഭേദഗതിബില്ലിൽ ഉണ്ട്. യു. ജി. സി. യുടെ നിയമദൃഷ്ട്യാ നിലനിൽപ്പില്ലാത്ത "നിർദ്ദേശങ്ങൾ" അനുസരിച്ചെങ്കിൽ മാത്രമേ ഗാന്ധിജി യൂണിവേഴ്സിററിക്ക് നിലനിൽക്കാനാവൂ, ഗാന്ധിജി യൂണിവേഴ്സിററി രൂപീകൃതമായതിനു ശേഷം ഇൻഡ്യയിൽ ഇതരസംസ്ഥാനങ്ങളിൽ നിലവിൽവന്ന യൂണിവേഴ്സിററികളെല്ലാംതന്നെ യു. ജി. സി. യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് നിയമങ്ങളിൽ ഭേദഗതിവരുത്തി, നമുക്കുമാത്രം അതുചെയ്യാതെ ഒററയ്ക്ക് എതിർത്തുനില്ക്കാനാവില്ല- എന്നൊക്കെ വിദ്യാഭ്യാസമന്ത്രി പറയുന്നുണ്ട്. ആവശ്യമായ സൗകര്യങ്ങളും ആസ്തികളും വേണ്ടത്ര പഠനവകുപ്പുകളും അവയിൽ ആവശ്യമായ അദ്ധ്യാപകരും ഇല്ലാത്തതുകൊണ്ടാണ് ഗാന്ധിജി യൂണിവേഴ്സിററിക്ക് യു. ജി. സി യിൽനിന്നും ധനസഹായം ലഭിക്കാതിരിക്കുന്നതെന്ന വസ്തുത വിദ്യാഭ്യാസമന്ത്രി കരുതിക്കൂട്ടി മറച്ചുവെയ്ക്കുന്നെന്ന് ഞങ്ങൾ നിരവധിതവണ പറഞ്ഞിരുന്നു. പാർലമെൻറ് അംഗീകരിച്ച "മോഡൽ ആക്ട്"നാണോ നിയമസാധുതയില്ലാത്ത യു. ജി. സി. നിർദ്ദേശങ്ങൾക്കാണോ വിലകല്പിക്കേണ്ടതെന്ന് ഞങ്ങൾ ആവർത്തിച്ചു ചോദിച്ചിരുന്നു. നോമിനേഷനിലൂടെ സ്വന്തക്കാരെ യൂണിവേഴ്സിററി സമിതികളിലും യൂണിവേഴ്സിററിയിലെ പ്രധാനപ്പെട്ട തസ്തികകളിലും കുടിയിരുത്തണമെന്ന് ആഗ്രഹിക്കുന്ന വകുപ്പുമന്ത്രി ഞങ്ങൾ പറഞ്ഞിരുന്നതൊന്നും കേട്ടഭാവം നടിച്ചില്ല.

പല ആവർത്തി ഞങ്ങൾ വകുപ്പുമന്ത്രിയോട് ചോദിച്ചു- പാർലമെൻറ് അംഗീകരിച്ച

മോഡൽ ആക്ട് മാററമില്ലാതെ നിലനിൽക്കെ അതിലെ നയസമീപനങ്ങൾക്ക് വിരുദ്ധമായ ഭേദഗതികൾ ഗാന്ധിജി യൂണിവേഴ്സിററി നിയമത്തിൽ വരുത്തണമെന്ന് ആവശ്യപ്പെടുവാൻ യു. ജി. സി. യ്ക്ക് അധികാരമുണ്ടോ? മോഡൽ ആക്ടിലെ സമീപനങ്ങൾക്കു വിരുദ്ധമായ നിർദ്ദേശങ്ങൾ നൽകുവാൻ യു. ജി. സി. യുടെ തെററായ സമീകനം തിരുത്തിക്കുവാനല്ലേ സർക്കാർ ശ്രമിക്കേണ്ടത്? എന്നൊക്കെ ഞങ്ങളുടെ ചോദ്യങ്ങൾക്ക് മന്ത്രി മറുപടി പറഞ്ഞില്ല. യു. ജി.സി. നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുകയെങ്കിലും ചെയ്യാമോയെന്ന് ഞങ്ങൾ ഒരിക്കൽ മന്ത്രിയോട് നേരിട്ടു ചോദിച്ചു. വെളിപ്പെടുത്താമെന്ന് പറഞ്ഞെങ്കിലും ഇതേവരെ മന്ത്രി അതുചെയ്യാൻ കൂട്ടാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ യു. ജി. സി. യുമായി നേരിട്ട് ബന്ധപ്പെട്ട് മനസ്സിലാക്കാൻ കഴിഞ്ഞ ഞങ്ങൾക്ക് ഇക്കാലമത്രയും വകുപ്പുമന്ത്രി സത്യവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞും വ്യാജപ്രസ്താവനകൾ നടത്തിയതും പൊതുജനങ്ങളേയും നിയമസഭയെ തന്നെയും തെററിദ്ധരിപ്പിക്കുകയായിരുന്നെന്ന് അധികാരികസ്വഭാവത്തോടെ പറയാൻ കഴിയും. ''യൂണിവേഴ്സിററിക്ക് അംഗീകാരം'' എന്നതിനെക്കുറിച്ചാണ് ഒന്നാമതായി പറയുവാനുള്ളത്. നിയമസഭ പാസ സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ ''യൂണിവേഴ്സിററി'' എന്ന പേരിൽ സ്ഥാപിക്കപ്പെടുന്ന ഒരു യൂണിവേഴ്സിററിയെ സംബന്ധിച്ചിടത്തോളം യു. ജി. സി. യുടെ അംഗീകാരം എന്നൊന്നില്ല. (വകുപ്പ് 2 (എഫ്), യു. ജി. സി. ആക്ട് 1956) യൂണിവേഴ്സിററിയെന്ന പേരിൽ അല്ലാതുള്ള ചില സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകൾക്കു വിധേയമായി ബന്ധപ്പെട്ട യൂണിവേഴ്സിററിയുമായി ആലോചിച്ച് യു. ജി. സി. ചിലപ്പോൾ ''അംഗീകാരം'' നല്കാറുണ്ട്. അവയുടെ കാര്യത്തിൽമാത്രമേ ''യു. ജി. സി. അംഗീകാരം'' എന്നതിന് പ്രസക്തിയുള്ളൂ. കേരളനിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്നു നിലനിൽക്കുന്ന ഗാന്ധിജി യൂണിവേഴ്സിററിയെ സംബന്ധിച്ചിടത്തോളം ''യു.ജി.സി. അംഗീകാരം'' എന്നൊന്നില്ല. അതിന്റെ ആവശ്യവുമില്ല. മറിച്ച്, വകുപുമന്ത്രി പറയുന്നതൊന്നും വസ്തുതാപരമല്ല.

വളരെ പ്രസക്തമായതും ഗാന്ധിജി യൂണിവേഴ്സിററിയുടെ വളർച്ചയുമായി ബന്ധപ്പെട്ടു കിടക്കുന്നതും വകുപ്പുമന്ത്രി മനഃപൂർവമായി മറച്ചുവച്ചിരുന്നതുമായ ഒരു നിയമവ്യവസ്ഥയെക്കുറിച്ചാണ് രണ്ടാമതായി പറയുവാനുള്ളത്. 1972 ശേഷം രൂപീകരിക്കപ്പെട്ട (പ്പെടുന്ന) യൂണിവേഴ്സിററികൾക്ക് ബാധകമായ സുപ്രധാനമായ ഒരു ഭേദഗതി 1956-ലെ യു. ജി. സി. ആക്ടിൽ, 1972-ൽ കേന്ദ്ര സർക്കാർ വരുത്തി. (1984-ൽ വരുത്തിയ ഭേദഗതിയുടെ ഫലമായി 12 ബി എന്ന നമ്പരിൽ നിലനിൽക്കുന്ന വകുപ്പായി അതുമാറി). കേന്ദ്ര ഗവൺമെൻറിൽനിന്നോ യു. ജി.സി. യിൽ നിന്നോ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം സ്വീകരിക്കുന്ന മറേറതെങ്കിലും സ്ഥാപനത്തിൽ നിന്നോ ധനസഹായം ലഭിക്കുന്നതിന് യോഗ്യതയുണ്ടെന്ന് യു. ജി. സി. പ്രഖ്യാപിക്കാത്ത, 1972-നുശേഷം സ്ഥാപിക്കപ്പെട്ട, ഒരു യൂണിവേഴ്സിററിക്ക് ഗ്രാൻറ് നൽകുന്നതു സംബന്ധമായുള്ള വിലക്കിനെക്കുറിച്ച് പറയുന്നതാണ് യു. ജി. സി. ആക്ടിലെ 12ബി, എന്ന വകുപ്പ്. യു. ജി. സി. ആക്ടിലെ 25-ാം വകുപ്പുനൽകുന്ന അധികാരമുപയോഗിച്ച് ''ഗ്രാൻറു ലഭിക്കുന്നതിന് ഉള്ള യൂണിവേഴ്സിററികളുടെ യോഗ്യത'' എന്നതു സംബന്ധിച്ച് 1974-ൽ കേന്ദ്ര സർക്കാർ ചില റൂളുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. 1972-ലെ ഭേദഗതി പ്രാബല്യത്തിൽ വന്നതിനു ശേഷം സ്ഥാപിക്കപ്പെട്ട എല്ലാ യൂണിവേഴ്സിററികൾക്കും ഈ റൂളുകൾ ബാധകമാണ്. വ്യക്തമായ ചില വ്യവസ്ഥകൾക്കു വിധേയമായി സ്ഥാപിക്കപ്പെടാത്ത അല്ലെങ്കിൽ വ്യവസ്ഥകൾക്കു വിധേയമല്ലാത്ത യൂണിവേഴ്സിററികളെ ഗ്രാൻറ് ലഭിക്കാൻ യോഗ്യതയുള്ളവയെന്ന് യു. ജി. സി. പ്രഖ്യാപിക്കാൻ പാടില്ലെന്നതാണ് റൂൾ 2-ൽ പറഞ്ഞിരിക്കുന്നത്. 1972-നുശേഷം നിലവിൽവരുന്ന യൂണിവേഴ്സിററിയുടെ രൂപ്കരണത്തിന് മതിയായ ന്യായീകരണമുണ്ടായിരിക്കുകയും വേണം. യൂണിവേഴ്സിററിയുടെ രൂപീകരണത്തിനാധാര

മായ നിയമത്തെക്കുറിച്ച് പ്രസ്തുത റൂളുകളിൽ പറഞ്ഞിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട യൂണിവേഴ്സിറ്റി നിയമം 1964-66-ലെ എഡ്യൂക്കേഷൻ കമ്മീഷന്റെയും യു. ജി. സി. നിയമിച്ച "കമ്മിറ്റി ഓൺ ദി ഗവേണൻസ് ഓഫ് യൂണിവേഴ്സിറ്റീസ്"ന്റെയും ശുപാർശകൾക്ക് പ്രാമുഖ്യം നൽകി തയ്യാറാക്കപ്പെട്ടവയായിരിക്കണം എന്നതാണ് സുപ്രധാനവും ഇന്നും നിയമസാധുതയുള്ളതുമായ വ്യവസ്ഥ. വിവിധ ജനവിഭാഗങ്ങൾക്ക് യൂണിവേഴ്സിറ്റിഭരണത്തിൽ ജനാധിപത്യപരമായ പങ്കാളിത്തം വേണമെന്നാണ് ഈ കമ്മീഷനുകൾ അഭിപ്രായപ്പെട്ടിരുന്നത്. ഈ ശുപാർശകളുടെ ചുവടുപിടിച്ച് തയ്യാറാക്കപ്പെട്ട മോഡൽ ആക്ട് ഒരു മാറ്റവും കൂടാതെ നിലനിൽക്കുകയും ചെയ്യുന്നു. 1974-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ടും ഇവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയവയാണ്. നിയമസാധ്യതയില്ലാത്ത യു.ജി. സി. നിർദ്ദേശങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളതെന്ന് വകുപ്പുമന്ത്രി പറയണം.

റൂൾ7, 9 എന്നിവയ്ക്കാണ് ഗാന്ധിജി യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം വർദ്ധിച്ച പ്രസക്തി. യൂണിവേഴ്സിറ്റിയിലെ ഓരോ ടീച്ചിംഗ് ഡിപ്പാർട്ടുമെന്റിലും കുറഞ്ഞത് ഒരു പ്രൊഫസർ, രണ്ടു റീഡർമാർ, പുറമേ വേണ്ടത്ര ലക്ചറൻമാർ എന്നിവരുണ്ടായിരിക്കണം. യൂണിവേഴ്സിറ്റിറ്റിൽ ആവശ്യം ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. കെട്ടിടങ്ങൾ, ഉപകരണങ്ങൾ, പുസ്തകങ്ങൾ, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ രൂപത്തിൽ രണ്ടുകോടി രൂപയുടെ മൂല്യം എങ്കിലുമുള്ള ആസ്തികൾ "ഡവലപ്ഡ് ലാൻറിനു" പുറമേ ഉണ്ടായിരിക്കണം. യൂണിവേഴ്സിറ്റി ആരംഭിച്ച് അഞ്ചുവർഷത്തിനുള്ളിൽ ഇവ യൂണിവേഴ്സിറ്റിക്കു നൽകാമെന്ന് സംസ്ഥാന സർക്കാർ ഉറപ്പുനൽകുകയെങ്കിലും വേണം.

ഈ വ്യവസ്ഥകൾപാലിക്കാതെ, ഇക്കാര്യം മറച്ചുപിടിച്ചുകൊണ്ട്, നിക്ഷിപ്തതാൽപര്യം മുൻനിറുത്തി സംസ്ഥാനസർക്കാർ പ്രവർത്തിച്ചാൽ ഗാന്ധിജിയുടെ നാമധേയത്തിൽ സ്ഥാപിതമായ ഈ യൂണിവേഴ്സിറ്റി എക്കാലവും വാടകക്കെട്ടിടത്തിൽ തന്നെ കിടക്കേണ്ടിവരും എന്നതിൽ സംശയമില്ല. വിദ്യാഭ്യാസമന്ത്രി ആഗ്രഹിക്കുന്നത് ഇതാണോ?

യു. ജി. സി. അധികാരികൾ അവരുടെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ജനാധിപത്യ സംവിധാനം തകർക്കുവാൻമാത്രം ഉതകുന്ന നിയമഭേദഗതി പാസായാലും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ യു ജി. യിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഗ്രാൻറ് ലഭിക്കാനുള്ള "യോഗ്യത" ഉണ്ടെന്ന് യു. ജി. സി. പ്രഖ്യാപിക്കില്ല. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഭയക്കുന്ന വൈസ്ചാൻസിലർമാരുടെ കോൺഫറൻസുകളും സെൻട്രൽ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കാന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട യു.ജി.സി. കമ്മിറ്റിയും മുന്നോട്ടുവച്ചിട്ടുള്ള പിൻതിരിപ്പൻ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ യു. ജി. സി. നല്കിയ "നിർദ്ദേശങ്ങൾ" പ്രകാരം നിലവിലുള്ള നിയമത്തിൽ ഭേദഗതിവരുത്തുകയെന്നതല്ലാ അടിയന്തിരമായി സർക്കാർ ചെയ്യേണ്ടകാര്യം. യു ജി.സി. യിലെ ബന്ധപ്പെട്ട അധികാരികളുടെ അഭിപ്രായത്തിൽ "നിർദ്ദേശങ്ങൾ" നെഗോഷ്യബിൾ ആണ്. മറ്റുകാര്യങ്ങൾ നെഗോഷ്യബിളല്ല എന്നതാണ് സർക്കാർ മനസ്സിലാക്കേണ്ടത്. ഈകാര്യങ്ങളാണ് സർക്കാർ ആദ്യം ചെയ്യേണ്ടത്.

1983-ൽ രൂപീകരിക്കപ്പെട്ട, വളരെയേറെ കോളേജുകൾ ഉൾക്കൊള്ളുന്ന ഗാന്ധിജി യൂണിവേഴ്സിറ്റി ഈ നിലയിൽ തുടരാൻ പാടില്ലെന്ന് ഞങ്ങൾക്ക് ശക്തമായ അഭിപ്രായമുണ്ട്. വകുപ്പുമന്ത്രി ഉടനടി ഒളിച്ചുകളി അവസാനിപ്പിക്കണം. എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടുവാനുള്ള ശ്രമം സത്വരമായി ഉപേക്ഷിക്കുകയും വേണം. ജനങ്ങളേയും നിയമസഭയെത്തന്നെയും ഇക്കാലമത്രയും തെറ്റിദ്ധരിപ്പിച്ചതിൽ അദ്ദേഹം ഖേദം പ്രകടിപ്പിക്കാനെങ്കിലും തയ്യാറാകണം. ○

(Contd From Page 4)

(a) inadequacy of the facilities for higher education and research in the area in which the University is situated and the inablility of the existing University or Universities of the State concerned to provide for such facilities either in its or their existing faculties or schools or by the establishment of post-Graduate Centres or campuses.

(b) the University has or shall have some special features or new programmes and activities which will augument the existing academic resources in the country.

(c) the University has or shall have programmes for the upliftment of backward areas or removal of regional imbalances.

(iii) the law under which the University is established contains a provision for the establishment of a Planning Board or Committe consisting of eminent educaticnists to indicate the lines on which the Univsrsity shall develop.

(iv) in the law under which university established, due weight has been given to the recommendations made by:-

(a) the education Commission (1964-66) constituted by resolution of the Government of India.

(b) the committee on the Governance of Universities appointed by the Commission and;

(c) The Committees or Panelsappointed by the Commission during the last ten years;

(v) the University is not merely an affiliating University but a multifaculty University having adequate facilities for teaching and research in a number of subjects;

(vi) the University has powers to provide instruction through corraspondence course and to declare a college, department, centre or campus as an autonomous college, department, centre or campus, respectively.

(vii) every teaching department, centre, discipline in the University has a provision for a minimum staff of one Professor, two Readears and an adequate number of lecturers along with the necessary supporting staff.

(viii) adequate machinery for the health, residence and welfare for the students has either been provided in, or resources are being made available for the purpose to the University.

(ix) the University has been provided with adequate facilities in respect of buildings, equipment, books, library, hostel and staffquarters, excluding colleges or institutions affiliated or admitted to its privileges, whose aggregate value is not less than Rs. 2 crores along with the developed land or the State Government is prepared to give an assurance to Commission that a minimum amount of Rs. 2 crores shall be made avilable to the University during the initial period of five years for provision of the above mentioned facilities In addition to the developed land.

sd/-
(I.D N. Sahi)
Secretary to the Govt. of India.

കൺവൻഷൻ സ്പെഷ്യൽ
പരസ്യത്തുക വേഗം എത്തിക്കുക

# N S S മാനേജ്മെൻറിൻെറ സ്ഥലമാററത്തിനെതിരേ വമ്പിച്ച പ്രതിഷേധയോഗം

ശ്രീമാൻ കിടങ്ങൂർ ഗോപാലകൃഷ്ണപിള്ള അദ്ധ്യാപക പ്രസ്ഥാനത്തെ തകർക്കാൻ ആവതു ശ്രമിച്ച ആളാണ്. പക്ഷെ തകർന്നത് അദ്ദേഹമായിരുന്നു. ഇപ്പോഴും എൻ. എസ്. എസ്സിൻെറ ഭരണം കയ്യാളുന്ന ശ്രീമാൻ പി. കെ. നാരായണപ്പണിക്കർ കിടങ്ങൂരിൻെറ വഴിക്ക് സഞ്ചരിക്കാൻ തുടങ്ങിയിരിക്കുന്നു. നിലനില്പിനുവേണ്ടി നാല് വോട്ടുകിട്ടുമെങ്കിൽ ആരുടെ നുണയും കേൾക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും തനിക്ക് മടിയില്ലെന്ന് തെളിയിക്കുന്ന പ്രവർത്തികളാണ് ഇപ്പോൾ അദ്ദേഹം ചെയ്യുന്നത്. എ. കെ. പി. സി. ടി. എ. മലപ്പുറം ജില്ലാസെക്രട്ടറി പ്രൊഫ. ശിവരാമനെ മഞ്ചേരിയിൽ നിന്നും പന്തളത്തിനു മാററി ശിക്ഷിച്ചിരിക്കുന്നു. അതിനുമുമ്പ് ധനുവച്ചപുരത്തുനിന്നും സംഘടനയുടെ സജീവപ്രവർത്തകനായ പ്രൊഫ. കൃഷ്ണപിള്ളയെ നിലമേലിനുമാററി ശിക്ഷിച്ചു. ശ്രീമാൻ ടി. എം. ജേക്കബ്, നിലവിലുള്ള സ്കൂളുകൾ ഇല്ലാതാക്കി, / അവയുടെ സ്ഥാനത്ത് അൺഎയ്ഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകൾ അനുവദിക്കുന്ന നയത്തിനെതിരെ വിദ്യാഭ്യാസസംരക്ഷണ സമിതി സംസ്ഥാനത്തുടനീളം നടത്തിയ ധർണയിൽ പങ്കെടുത്തതാണ് ഈ അദ്ധ്യാപകർ ചെയ്ത മഹാ അപരാധം!

അന്യായമായ സ്ഥലം മാററത്തിൽ പ്രതിഷേധിച്ച് വിദ്യാഭ്യാസ സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ ഉദിയൻകുളങ്ങരയിൽ ഡിസംബർ 12 ന് വമ്പിച്ച പ്രതിഷേധയോഗം നടന്നു. ശ്രീമാൻ അരുവിപ്പുറം പ്രഭാകരൻ, ശ്രീ കൃഷ്ണൻകുട്ടി നായർ, പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. ടി. എൻ. രാമൻപിള്ള ശ്രീ. രമേശൻ നായർ തുടങ്ങിയവർ സംസാരിച്ചു. സമുദായ സ്നേഹത്തിൻെറ മുഖംമൂടിവച്ചു നടക്കുന്ന സ്വാർത്ഥമോഹികളേയും പാദസേവകരേയും വൈതാളികരേയും തൃപ്തിപ്പെടുത്താൻ വേണ്ടി അദ്ധ്യാപകരേയും ഇതരജീവനക്കാരേയും സ്ഥലം മാററുന്ന കൊള്ളരുതായ്മ മാനേജ്മെൻറ് അവസാനിപ്പിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു

○

---

......Contd Form Page 3

would be announced soon. The AIFUCTO had been told the Report was "being processed" in the Ministries. The office-bearers wondered why the Government was taking so long time to make public their decision on the recomendations of the committee. The impression given was, the decision would be announced in the session of the Parliament which ended recently.

The teachers originally planned to walk in a procession to Patel chowk before courting arrest, but in view of the prohibitery orders inforce, they were not allowed to proceed beyond the Jantar Mantar Park. Before courting arrest the teachers witnessed a street play against "Communalism" staged by the 'Jan Natya Manch" of Delhi.

Apart from demanding the immediate release of the Mehrotra Committee Report, the teachers pressed for an immediate end to the "attacks on the democratic functioning of the Universities".

□

# അക്കാദമിക് കൗൺസിൽ തീരുമാനം മാററാൻ വൈസ് ചാൻസ്‌ലർക്ക് അധികാരമില്ല

പ്രൊഫ. ജി. പി. നായർ
അക്കാദമിക് കൗൺസിൽ അംഗം, കാലിക്കട്ട് സർവ്വകലാശാല

''ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം'' പഠിപ്പിയ്ക്കേണ്ടതില്ലെന്ന കോഴിക്കോടു വൈസ്ചാൻസലറുടെ തീരുമാനം യൂണിവേഴ്സിററി നിയമത്തിനും ചട്ടങ്ങൾക്കും എതിരാണ്. സിൻഡിക്കേററോ അക്കാദമിക് കൗൺസിലോ സമ്മേളിച്ചിട്ടില്ലാത്ത സമയത്ത് അടിയന്തിരമായി സ്വീകരിയ്ക്കാൻ യൂണിവേഴ്സിററി നിയമത്തിലെ 10 (13) വകുപ്പ് വൈസ് ചാൻസലർക്കു നൽകുന്ന അധികാരം പ്രസ്തുത സമിതികൾ സമ്മേളിച്ചെടുത്ത തീരുമാനത്തെ മറികടക്കാനുദ്ദേശിച്ചുകൊണ്ടുള്ളതല്ല. ഇവിടെ സംഭവിച്ചിരിയ്ക്കുന്നതതാണ്. ഇത് ധൃതരാഷ്ട്രാലിംഗനംപോലെ അക്കാഡമിക് സ്വാതന്ത്ര്യത്തെയും നിയമവാഴ്ചയേയും ആശ്ലേഷിച്ചു തകർക്കലാണ്. വേലിതന്നെ വിളവുതിന്നുന്നതുപോലെയാണിത്.

ഇത്തരത്തിലൊരു തീരുമാനമെടുക്കാൻ വൈസ് ചാൻസിലർക്ക് നിയമപ്രകാരമൊരധികാരവുമില്ല. ഉണ്ടെന്നുള്ള വാദം നിയമവാഴ്ചയോടുള്ള ധിക്കാരമാണ്. ആക്ടിലെ 10 (13) വകുപ്പ് വ്യവസ്ഥാപിതസമിതികൾ എടുത്തതീരുമാനത്തെ മറികടക്കാനുള്ള അടിയന്തിരാധികാരമല്ല നൽകുന്നത്. മറിച്ച് വ്യവസ്ഥാപിത സ്ഥാപനങ്ങൾക്ക് തക്ക സമയത്തു പ്രവർത്തിക്കാൻ കഴിയാത്തപ്പോൾ ഉപയോഗിയ്ക്കേണ്ട അധികാരമാണ്. ഈ വകുപ്പ് വ്യവസ്ഥാപിത അക്കാദമിക് സമിതികളുടെ അധികാരങ്ങളെ കടന്നാക്രമിച്ചു കൈയ്യടക്കുന്ന 'ഹിററ്ലർ' ആകാൻ വൈസ്ചാൻസലറെ അനുവദിക്കുന്നില്ല. ഇത് അക്രമമാണ്. ആക്രമണമാണ്. വ്യവസ്ഥാപിതഭരണത്തിന്റെ തകർച്ചയെയാണിതു വിളംബരം ചെയ്യുന്നത്. അപകടകരമായ ഈ പ്രവണതയ്ക്കെതിരെ പ്രതിഷേധം ഉയരേണ്ടതാണ്.

കരീയറിസ്ററുകളായ IAS ജീവനക്കാരൻ ഉന്നതമായ വൈസ്ചാൻസലർ കസേരയ്ക്ക് ഒരിയ്ക്കലുമൊരു ഭൂഷണമാവില്ലെന്ന ഭയമാണ് അക്കാദമിക് ലോകത്തിനുള്ളത്. ഈ തീരുമാനം വഴി കോഴിക്കോടു സർവ്വകലാശാല വൈസ്ചാൻസലറും, പ്രീഡിഗ്രി ബോർഡു നാടകത്തിലെ ദുരന്ത അദ്ധ്യായങ്ങൾ വഴി കേരള സർവ്വകലാശാല വൈസ്ചാൻസിലറും പ്രസ്തുത ഭയത്തെ സ്ഥിരീകരിച്ചിരിക്കുകയാണ്.

മത മൗലികവാദികളുടെ ആജ്ഞാനുവർത്തികളായ മതരാഷ്ട്രീയക്കാരുടെ താളത്തിനു തുള്ളുന്ന വൈസ്ചാൻസലറുടെ ഈ നടപടിയെ എല്ലാ ജനാധിപത്യവാദികളും അപലപിക്കേണ്ടതാണ്. രാജാവിനേക്കാൾ രാജഭക്തികാട്ടുന്ന കോഴിക്കോടു സർവ്വകലാശാല വൈസു ചാൻസലറുടെ നടപടി ഏകാധിപത്യപരവും നിയമത്തോടും വ്യവസ്ഥാപിത ഭരണക്രമത്തോടുമുള്ള വെല്ലുവിളിയുമാണ്. □


## എ കെ പി സി ററി എ വിജയിച്ചു

ഒററപ്പാലം എൻ.എസ്.എസ്. കോളേജ് കൗൺസിലിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ വൻഭൂരിപക്ഷത്തോടെ വിജയിച്ചു. ഡി. സി. എസ്. എ. സ്ഥാനാർത്ഥികളെക്കാൾ ഇരട്ടിയിലധികം വോട്ടുകൾ സംഘടനയ്ക്ക് ലഭിച്ചു.

പ്രൊഫ. എ. സേതുമാധവൻ, ശ്രീ. എം. കെ. ശരത്ചന്ദ്രൻ, ശ്രീ. എ. വിജയൻ എന്നിവരാണ് വിജയിച്ചത്. □

# എ.കെ.പി.സി.ററി.എ.

## ആലപ്പുഴ ജില്ലാ കൗൺസിൽ.



സുഹൃത്തുക്കളെ,

കഴിഞ്ഞ ജൂൺമാസത്തിൽ നമ്മാം നടത്തിയ പ്രീ-ഡിഗ്രി ബോർഡുവിരുദ്ധ സമരവുമായി ബന്ധപ്പെട്ട് കായംകുളം എം. എസ്. എം. കോളേജിലെ **കെ. ജി മാത്തുക്കുട്ടി** എന്ന അദ്ധ്യാപകൻ ബസ്സപകടത്തിൽ മരണപ്പെട്ട വിവരം അറിഞ്ഞിരിക്കുമല്ലോ. 1981-ൽ ജോലിയിൽ പ്രവേശിച്ച നാൾ മുതൽ A. K. P. C. T. A.-യുടെ സജീവ പ്രവർത്തകനായിരുന്ന ശ്രീ. മാത്തുക്കുട്ടി, ഒരു വർഷം സ്റ്റേററ് കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴ R. D O. ഓഫീസിനുമുൻപിൽ നടന്ന സത്യഗ്രഹത്തിൽ പങ്കെടുത്ത് തിരിച്ചു പോകുന്ന വഴിയായിരുന്നു എരമല്ലൂരിൽ വച്ച് ബസ്സപകടം ഉണ്ടായതും മരിച്ചതും. സമരത്തിന്റെ ഒരു രക്തസാക്ഷിയായി ത്തീർന്ന ശ്രീ. മാത്തുക്കുട്ടിയുടെ കുടുംബത്തെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ബാദ്ധ്യത A. K. P. C. T. A.-യ്ക്കാണ്. ഇവിടെ നാം എന്തു വലിയ സഹായം ചെയ്യുന്നു എന്നതല്ല പ്രശ്നം. നമ്മളെ നമ്മളാക്കിയ A. K. P. C. T. A.-യ്ക്ക് നാം എന്തു ചെയ്യുന്നു എന്നതാണ്. ഇതുപോലുള്ള രക്തസാക്ഷികളുടെ ശരീരവും ജീവനും കൊടുത്തുണ്ടാക്കിയ A. K. P. C. T. A.-യോട് ജീവിച്ചിരിക്കുന്ന നമുക്കൊരു കടപ്പാടുണ്ട്. ആ കടപ്പാട് നിറവേറേണ്ടത് നമ്മുടെ ധാർമ്മികമായ ചുമതലയാണ്. 1971-ൽ ഇതുപോലുള്ള ഒരവസരത്തിൽ നാം ആ ചുമതല നിറവേററിയിട്ടുണ്ട് Direct Payment സമരത്തിൽ പങ്കെടുക്കുന്നതിന് കാഞ്ഞിരപ്പള്ളി കോളേജിൽ നിന്നും തിരുവനന്തപുരത്തിനു വന്ന മൂന്നു അദ്ധ്യാപകർ മർഗ്ഗമദ്ധ്യേ കാറപകടത്തിൽ കൊല്ലപ്പെട്ടു. അവരുടെ കുടുംബത്തിന് A. K. P. C. T. A. ഒരു സഹായനിധി സംഭരിച്ചുകൊടുത്തു. അതുപോലെതന്നെ ശ്രീ. മാത്തുക്കുട്ടിയുടെ കുടുംബത്തിനുവേണ്ടിയും ഒരു ഫണ്ട് സംഭരിച്ചു കൊടുക്കണമെന്ന് ഒരു തീരുമാനം 1986 നവംബർ 23-ന് കൂടിയ സ്റേററ് കൗൺസിൽ എടുത്തു. ഓരോ അംഗവും

## Relevant Portions of the Bombay High Court Judgment in writ petition No.1941 of 1982 filed by the Bombay University and College Teachers' Union ($P_1$) and Sri Eknath Narayan Manjarekar, a teacher working in Parle College ($P_2$) Pronarced on 5-8-1986

On 2/4/1982 the Teacher's Union gave a call to its members to apply for casual Leave for 19-4-82 to show their support to the striking textile workers and according by some of the teachers of the Parle College including P applied for C. L. on 17-4-82. The leave applied for was neither rejected nor granted by the College Administration and the teachers abstained from work on the 19th When the teachres went to collect their wages at the end of the month, the Administration informed them that the question as regards the payment of pay for the day on which they abstained from work would be considered by the meeting of the Association of Principals of various Colleges in Bombay. The Association of Principals left the question to be decided by the State Government and on May 4th, 1982 the teachers were told that their applications for C. L. Stood rejected and their absence on 19-4-82 was treated as absence without permission. This was challenged in the petition.

The court held that it was not permissible for the Administration to treat the absence of the teachers as absence without permission. The teachers had not remained absent without informing the Administration, but on the other hand, they had applied for C L. If the teachers were entitled to take the C L. it was difficult to appreciate how the Administration could refuse the applications and hold that their absence would be treated as one without pay. The Administration, the court held could not ignore that the College teachers were paid their wages for the work which they carried out in the whole month and it was not permissible to withhold the wages because of absence on one day, The decrision of the Administration was therefore, not sustainable.

The Pelition, therefore, Succeeds and the Rule is made absolute but on the condition that the teachers who had applied for C. L. had, on that day, such leave available to them. O

---

10 രൂപയിൽ കുറയാത്ത ഒരു തുക സെക്രട്ടറിമാരെ ഏല്പിക്കുകയും സെക്രട്ടറിമാർ അതു സംഭരിച്ച് 1987 ഫെബ്രുവരി 15-നു മുൻപായി സംസ്ഥാന ട്രഷററെ ഏല്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

ബി. രാധാകൃഷ്ണൻ

ജില്ലാ സെക്രട്ടറി.

(എം. എസ്. എം. കോളേജ്. കായംകുളം.)

കായംകുളം,
25-12-86

# AKPCTA

# സംസ്ഥാന സമ്മേളനം

കോട്ടയത്ത്

## 1987 മാർച്ച്


വിവിധ സമ്മേളനങ്ങൾ

ക്ഷേമനിധിവിതരണം

# Kerala Private college teacher

monthly journal of the all kerala private college teachers' association

No. 67 R. No. M-36025 / 81 Registered No. KL TV (N) 3



മെർഹോത്ര കമ്മിററി റിപ്പോർട്ട് നടപ്പിലാക്കുക, യൂണിവേഴ്സിററി ജനാധിപത്യം നില നിർത്തുക തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടി അഖിലേന്ത്യാവ്യാപകമായി AIFUCTO നടത്തിയ സമരത്തിൻെറ ഭാഗമായി തിരുവനന്തപുരം സെക്രട്ടേറിയററു നടയിൽ എ കെ പി സി ടി എ - എ കെ ജി സി ടി അംഗങ്ങൾ നടത്തിയ ധർണ.

എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻകുട്ടി പ്രസംഗിക്കുന്നു.

printed and published by v. narayanankutty, at chempaka printers, trivandrum-4 phone: 82127
chief editor. v. n. murali.